# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 2 No. 7, 15 July 2014**


എഡിറ്റോറിയൽ

# ആത്മാർത്ഥത വേണം

കഴിഞ്ഞ ദിവസം ഞാൻ ഒരു സുഹൃത്തുമൊരുമിച്ച് ബസിൽ യാത്ര ചെയ്യുകയായിരുന്നു. കുന്നും മലകളും നിറഞ്ഞ ഗ്രാമീണ മേഖലയിലൂടെയുള്ള ഒരു യാത്ര. ബസ് ഒരു വളവു തിരിഞ്ഞപ്പോൾ അങ്ങകലെ ഒരു കൂറ്റൻ മല. അതിന്റെ പകുതിയും കാർന്നു തിന്നപ്പെട്ടതുപോലെ. കുറുനരികൾ കൂട്ടം ചേർന്ന് കൊന്ന് തൊലിയുരിഞ്ഞ് ചങ്കും കരളും കുടൽമാലയുമെല്ലാം തിന്നുതീർന്ന കാട്ടുപോത്തിന്റെ ഗുഹാരൂപം പൂണ്ട പെരുത്ത ശരീരം ഡിസ്കവറി ചാനലിൽ കാണാറുള്ളതിനെ അനുസ്മരിപ്പിക്കുന്ന കാഴ്ച. പ്രകൃതി സ്നേഹിയായ എന്റെ സുഹൃത്ത് അതിനു നേരെ കൈ ചൂണ്ടി പറഞ്ഞു. “അതാ നോക്കൂ! മനുഷ്യന്റെ അടങ്ങാത്ത ആർത്തിയുടെ ബാക്കിപത്രം! ഈ നാടെങ്ങനെ നശിക്കാതിരിക്കും? ആരിതിനെ രക്ഷിക്കും?” പാറ പൊട്ടിച്ചുമാറ്റി അഗാധ ഗർത്തമായിത്തീർന്ന ആ മലയുടെ അടിവാരത്തിലെ പാതയിലൂടെ കരിങ്കൽ കയറ്റിയ ടിപ്പറുകളുടെ നിര ഇഴഞ്ഞിറങ്ങി വരുന്നതും കാണാമായിരുന്നു. മണ്ണും മരങ്ങളും പുഷ്പലതാദികളും മൂടി നിന്ന ആ മല സമീപഭാവിയിൽ ഒരു പാഴ്തടാകമായി മാറുന്നതിന് സാക്ഷിയാകേണ്ടി വരുമല്ലോ എന്നോർത്തപ്പോൾ സുഹൃത്തിന്റെ വിലാപത്തിന്റെ തീവ്രതയിൽ പങ്കുചേരാതിരിക്കാൻ എനിക്ക് കഴിഞ്ഞില്ല.

വിഷയം പ്രകൃതി ചൂഷണവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നമാണ്. തികച്ചും ജനകീയം. സ്കൂൾ കുട്ടികൾ മുതൽ സാങ്കേതിക വിദഗ്ദ്ധർവരെ ഇന്ന് പഠിച്ചും പഠിക്കാതെയും, ചിന്തിച്ചും ചിന്തിക്കാതെയും, തെളിച്ചും മറച്ചുമെല്ലാം കൈകാര്യം ചെയ്യുന്ന സാർവ്വലൗകിക പ്രശ്നം.

ചൂഷണം ചെയ്യാതെ ഭൂമുഖത്തുള്ള യാതൊന്നിനും ജീവിതം സാധ്യമല്ല. ചൂഷണത്തിന്റെ രീതിയും തോതും തലവും വ്യത്യസ്തമെന്നു മാത്രം. ഒരു വൃക്ഷം അതിന്റെ വലിപ്പം പ്രയോജനപ്പെടുത്തി ഒരു കുറ്റിച്ചെടിയുടെ സൂര്യപ്രകാശ ലഭ്യത ചൂഷണം ചെയ്യുന്നു. ഒരു വള്ളിച്ചെടി ആ മരത്തിന്റെ വലിപ്പവും ബലവും ചൂഷണം ചെയ്ത് അതിൽ ചുറ്റിക്കയറി അതിനെ ആവരണം ചെയ്ത് വീർപ്പുമുട്ടിക്കുന്നു. ചിലപ്പോൾ ഉണക്കിക്കളഞ്ഞെന്നും വരാം. ജന്തുക്കൾക്കിടയിലാണ് ചൂഷണമേറെ. കൊതുകിനെ തവള പിടിക്കുന്നു. തവളയെ പാമ്പ് വിഴുങ്ങുന്നു. ഏറ്റവും ദുരാഗ്രഹിയായ ചൂഷകൻ മനുഷ്യനാണെന്നതിൽ തർക്കമില്ല. അവൻ തന്റെ ശാസ്ത്രീയ നേട്ടങ്ങളെ പ്രകൃതിയുടെ സമൂല ചൂഷണത്തിനായി പ്രയോജനപ്പെടുത്തുന്നതു നിമിത്തം ഇന്നിപ്പോൾ ഈ ചൂഷണം അവന്റെ തന്നെ നിലനൽപിനു ഭീഷണിയായിത്തീർന്നിരിക്കുന്നു. ഈ അപകടം മനസ്സിലാക്കിയതോടെയാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് അവൻ ചിന്തിക്കാൻ തുടങ്ങിയത്. ഇന്നിതാ ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നു. സർക്കാർ നിയമനിർമ്മാണം നടത്തുന്നു. പാർട്ടിക്കാർ പക്ഷം പിടിക്കുന്നു. സാംസ്കാരിക നായകന്മാർ സാരോപദേശം നൽകുന്നു. കവികൾ വികാരം പൂണ്ട് പാടുന്നു. പക്ഷേ എല്ലാം ആത്മാർത്ഥതയില്ലാതെ!

എന്റെ സുഹൃത്തിന്റെ സങ്കടം തന്നെയെടുക്കാം. കരിങ്കൽ ഖനനമാണ് അവിടെ പ്രശ്നം. എന്തിനാണ് പാറ പൊട്ടിച്ചുകൊണ്ടു പോകുന്നത്. പള്ളിപ്പെരുന്നാളിന്റെ വെടിക്കെട്ടുപോലെ രസത്തിനാണോ? അല്ലല്ലോ. മനുഷ്യന്റെ ഉപയോഗത്തിനല്ലേ? ഉറപ്പുള്ള ഭിത്തി പണിയാനും കടൽത്തീര സംരക്ഷണത്തിനും റോഡ് നിർമ്മാണം, നന്നാക്കൽ എന്നിവയ്ക്കും, കോൺക്രീറ്റ് ഉണ്ടാക്കുന്നതിനുമെല്ലാം വേണ്ട പാറ ചന്ദ്രനിൽ നിന്നോ ചൊവ്വയിൽ നിന്നോ കൊണ്ടുവരാൻ സാധ്യമല്ലല്ലോ. ഇവിടെത്തന്നെ പൊട്ടിച്ചെടുക്കണം. ഇപ്പോൾ അധികവും പാറപൊടിച്ചാണ് മണൽ നിർമ്മിക്കുന്നതും. റോഡുകൾ മോശമാകുമ്പോൾ ഏതെല്ലാം രീതിയിലാണ് നാം പ്രതിഷേധിക്കാറുള്ളത്! അവ നന്നാക്കുന്നതിന് മെറ്റിലും മണലും വേണ്ടേ? അപ്പോൾ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാവുക സ്വാഭാവികം. ജീവിത സൗകര്യങ്ങൾ അവരവർക്കുമാത്രം മതിയെന്ന നിലപാട് സ്വാർത്ഥതയാണ്.

## EDITORIAL BOARD

***President***
**H. G. Dr. Thomas Mar Athanasius**
Metropolitan

***Chief Editor***
**Fr. Abraham Karammel**

***Mg.Editor***
**Mr. P. J. Varghese**

***Associate Editors***
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

***Technical Adviser***
**Mr. George Paul**

***Members***
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ആത്മാർത്ഥത വേണം** ............................... 1

**സ്നേഹവും വ്യക്തിസ്വാതന്ത്ര്യവും അവരെ ഒന്നാക്കുന്നു** ............................... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

Obituary note on the late Patriarch Ignatius *Zakka* Iwas
Missed Opportunities Based Challenges for his Successor............................... 4
Dr. K.M. George Melmana

**നമുക്കും ഭൂമിയമ്മയെപ്പോലെയാകാം** ............. 6
എ. എം. തോമസ് ആലുങ്കൽ

**കർത്താവരുളിച്ചെയ്തു, ഞാൻ** .................... 7
വി.പി.

**അക്ഷരവൈരികൾ** ................................ 8
ഡോ. ചാണ്ടി പോൾ

**കുടുംബം: വേദപുസ്തക – വേദശാസ്ത്ര അടിസ്ഥാനത്തിൽ** .................................. 9
ഫാ. ഡോ. ഒ. തോമസ്

**പരി. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനി** .......................... 12
ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്.


പ്രകൃതി ചൂഷണം പരിമിതപ്പെടുത്തി പരിസ്ഥിതി സംരക്ഷിക്കുന്നതിന് ഉപഭോഗം നിയന്ത്രിക്കുകയാണ് ഏക മാർഗ്ഗം. അതിന് ആർഭാടവും കുറെയൊക്കെ ആവശ്യങ്ങൾ പോലും ത്യജിക്കേണ്ടതായി വരും. അതിനു തയ്യാറുള്ളവർ വളരെ കുറവാണ്. അതുതന്നെയാണ് പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണം. ഓരോ സൗകര്യവും ലഭിച്ചു കഴിഞ്ഞാൽ മനുഷ്യർ അതിനോടിണങ്ങിച്ചേരും. പിന്നീടത് താൽക്കാലികമായി പോലും വേണ്ടെന്നു വയ്ക്കാൻ അവർ തയ്യാറല്ല. ഇപ്പോൾ ഗ്രാമപ്രദേശങ്ങളിലുള്ളവർ പോലും ഇന്ധനവാതകം ഉപയോഗിച്ച് ശീലമായി. അതിന്റെ സൗകര്യം അനുഭവിച്ചറിഞ്ഞ വീട്ടമ്മമാർ വിറകിലേക്കു മടങ്ങാൻ തയ്യാറല്ല. എന്നിട്ട് പ്രകൃതി ചൂഷണത്തെ പഴിച്ചിട്ടെന്തുകാര്യം? സൗകര്യങ്ങളും ആർഭാടങ്ങളും കൂടുതൽ വേണം, പ്രകൃതി ചൂഷണം അനുവദിക്കുകയുമില്ല എന്ന നിലപാട് ശരിയല്ല.

മറ്റൊരു കാര്യം പറയാം ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായവ കൂടുതലായി കണ്ടെത്തേണ്ടിവരും. അത് പ്രകൃതി വസ്തുക്കളുടെ കൂടുതലായ ചൂഷണം ആവശ്യമാക്കും. ചൈനയിലേതുപോലെ ഓരോ ദമ്പതിമാർക്കും ഓരോ കുട്ടി മാത്രം അനുവദിച്ചാൽ പോലും ജനസംഖ്യ വർദ്ധിക്കും. ആ നിലയ്ക്ക് ജനനിയന്ത്രണത്തിന് ജനം തയ്യാറാകാതെ പ്രകൃതി ചൂഷണത്തിൽ പ്രതിഷേധിച്ചിട്ടെന്തുകാര്യം? ജനസംഖ്യാ വിസ്ഫോടനം സംഭവിച്ചിരിക്കുന്ന ഇന്ത്യയിൽ പോലും ജനന നിയന്ത്രണത്തെ എതിർക്കുകയും, വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമുദായങ്ങളുണ്ട്. എന്നിട്ട് പ്രകൃതി ചൂഷണത്തിൽ വിലപിക്കും; രോഷം കൊള്ളും. മനുഷ്യന് കൃഷിഭൂമിയില്ലാതെ വന്നാൽ അവൻ വനഭൂമി വെട്ടിത്തെളിച്ചു കൃഷിചെയ്യാൻ ശ്രമിക്കും. അതു നീതീകരിക്കാതെ തരവുമില്ല. കൃഷി കൃഷിക്കാരനുവേണ്ടി മാത്രമല്ലല്ലോ.

ആർഭാടവും ധൂർത്തും അവസാനിപ്പിച്ച് ആവശ്യങ്ങളെ പോലും പരിമിതപ്പെടുത്തിയാൽ മാത്രമേ പ്രകൃതി വസ്തുക്കളുടെ ചൂഷണം നിയന്ത്രണവിധേയമാക്കുവാൻ സാധിക്കൂ. ഒപ്പംതന്നെ ജനസംഖ്യാ വർദ്ധനവും ഫലപ്രദമായി തടയേണ്ടതുണ്ട്. ഇതിൽ എല്ലാവരും സഹകരിക്കുകയാണ് പ്രകൃതി ചൂഷണം അപകടാവസ്ഥയിലേക്ക് നീങ്ങാതിരിക്കുവാനുള്ള മാർഗ്ഗം. പ്രകൃതിയെ പരമാവധി കുറച്ചുമാത്രം ചൂഷണം ചെയ്യത്തക്കവിധം ലളിതമായ ജീവിതശൈലി എല്ലാ അംഗങ്ങളും സ്വീകരിക്കുവാൻ അംഗങ്ങൾക്ക് നിർദ്ദേശവും പ്രോത്സാഹനവും നൽകുവാൻ സഭ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പരിസ്ഥിതി പ്രശ്നം സംബന്ധിച്ച ആക്ഷേപങ്ങളും ആശങ്കകളും വെറും വികാരപ്രകടനം മാത്രമാകാതെ ആത്മാർത്ഥവും പ്രായോഗികവും കൂടി ആയിരിക്കുന്നതിൽ കരുതൽ വേണം. ഒന്ന് തീർച്ച. പ്രകൃതി വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കാതെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല. അതിനുള്ള ആത്മാർത്ഥതയും ആത്മശക്തിയും ജനം കാണിക്കണം.

മെത്രാപ്പോലീത്തായുടെ കത്ത്

# സ്നേഹവും വ്യക്തിസ്വാതന്ത്ര്യവും അവരെ ഒന്നാക്കുന്നു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനവശാക്തീകരണ വിഭാഗത്തിന്റെ ഈ വർഷത്തെ പഠനവിഷയം "അവർ ഒന്നാകുന്നു" എന്നുള്ളതാണ്. സഭ മുഴുവനായി വളരെ ശ്രദ്ധയോടെ പഠിക്കേണ്ട ഒരു വിഷയമാണിത്. ഭർത്തൃ-ഭാര്യാ ബന്ധത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത്. ഒരു പുരുഷനും സ്ത്രീയും ദാമ്പത്യജീവിതത്തിൽ ഏകമായിത്തീരുന്നതോടെ അവരുടെ ഇത:പര്യന്തമുള്ള സകല ബന്ധത്തിനും ഉപരിയായി നിലനിൽക്കുന്ന ഒരു കൂട്ടായ്മയിലേക്കാണ് വന്നെത്തുന്നത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം പോലും ഇവിടെ രണ്ടാം സ്ഥാനത്തേയ്ക്ക് മാറും. അതുകൊണ്ടാണ് ദൈവവചനം പറയുന്നത്, "അവൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേരും" (ഉല്പ. 2:24) എന്ന്. മറ്റു ബന്ധങ്ങൾ സാഹചര്യങ്ങൾ കൊണ്ടോ കാലം കൊണ്ടോ അകലുന്നവയാണ്. ഭാര്യാ-ഭർത്തൃബന്ധം സ്ഥായിയായി നിലനിൽക്കുന്ന ജീവിത കൂട്ടായ്മയാണ്. അവർ ഒന്നാകുന്നു എന്നതിന്റെ വിശദീകരണമായി തിരുവചനം പറയുന്നത് "അവർ ഒരു ശരീരം ആകുന്നു" എന്നാണ്. ശരീരം എന്നതിന്റെ എബ്രായ മൂലപദം 'ബാസാർ' എന്നാണ്. അതിന്റെ അർത്ഥം 'മനുഷ്യാളത്തം' എന്നാണ്. അതായത് ഭാര്യാ-ഭർത്തൃബന്ധം അടിസ്ഥാനപരമായി കൂട്ടായ്മയാണ്. ഒരു മനസ്സും, ഒരു ഹൃദയവും, ഒരു ഇച്ഛയും ആയിത്തീരുന്ന അവസ്ഥയാണ്. വിവാഹം വഴി സ്ത്രീയും പുരുഷനും ഈ അഭേദ്യബന്ധത്തിൽ എത്തിച്ചേരുന്നുവെന്നതാണ് ദൈവഹിതവും, ദൈവിക വാഗ്ദത്തവും.

ഈ ഐക്യത്തിന്റെ ശില്പി ദൈവമാണ്. അതുകൊണ്ടാണ് കർത്താവ് പറയുന്നത്, "ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുത്" എന്ന്. ഓരോ നിയമാനുസൃത വിവാഹത്തിലും ദൈവീക ഇടപെടലുണ്ട്. ദൈവം രണ്ട് ഭവനങ്ങളിൽ നിന്ന് ഒരു പുരുഷനെയും സ്ത്രീയെയും തിരഞ്ഞു പിടിച്ച് ഭാര്യാ-ഭർത്താക്കന്മാരാക്കുകയാണ്. ഇരുവരുടേയും ഈ ബോധ്യം ബന്ധത്തിന്റെ നിലനിൽപിന് അനിവാര്യമാണ്. ഭാര്യാ-ഭർത്തൃബന്ധത്തിന്റെ പ്രതിസന്ധികളിൽ ആ ബന്ധത്തെ ഉലയാതെയും തകരാതെയും പിടിച്ചു നിർത്തുന്നത് ഈ അടിസ്ഥാന തിരിച്ചറിവാണ്. ദൈവം കൂട്ടിച്ചേർത്തവരെ വേർപിരിക്കുവാൻ ആർക്കാണ് അവകാശം? മാത്രമല്ല, ഈ കൂടിച്ചേരൽ സ്ത്രീയും പുരുഷനും തമ്മിൽ മാത്രം നടക്കുന്ന ഒരു ക്രിയയല്ല. ക്രിസ്തുയേശുവിലാണ് ഈ കൂട്ടായ്മ. കർത്താവിനോടൊപ്പമുള്ള കുടുംബമായ ഒരു ജീവിതയാത്രയാണത്. ക്രിസ്തു അവരുടെ മദ്ധ്യത്തിൽ ഉള്ള അനുഭവമാണ്. അവരുടെ ദുഃഖങ്ങളിൽ അവരെ ആശ്വസിപ്പിക്കുന്ന, തളർച്ചയിൽ ശാക്തീകരിക്കുന്ന, സന്തോഷങ്ങളിൽ പങ്കുചേരുന്ന ദൈവസാന്നിധ്യമാണ്. അതുകൊണ്ട് ക്രിസ്തീയ ദാമ്പത്യജീവിതം ആദിയോടന്തം കൗദാശിക അനുഭവമാണ്. ക്രിസ്തുവിലുള്ള ഈ കൂടിച്ചേരൽ ഈ ബന്ധത്തെ മോചനമില്ലാത്ത നിത്യബന്ധത്തിലേക്ക് നയിക്കുന്നു.

എന്നാൽ ഈ കൗദാശിക ജീവിതത്തെ സംരക്ഷിക്കുന്നത് പരസ്പര സ്നേഹമാണ്. സമാനതകളില്ലാത്ത സ്നേഹമാണിത്. മറ്റുള്ള ബന്ധങ്ങളിലെല്ലാം ഒട്ടൊക്കെയെങ്കിലും സ്വാർത്ഥത കാണും. ഈ ബന്ധത്തിൽ അത് ലേശം പോലുമില്ല. ഭാര്യ ഭർത്താവിന്റെ ശരീരമാണ്. ഭർത്താവ് ഭാര്യയുടെ തലയാണ്. ഭാര്യയുടെ മേൽ അവകാശം ഭർത്താവിനാണ്. ഒപ്പംതന്നെ ഇത് പരസ്പര ആശ്രയത്തിന്റെയും ബന്ധമാണ് ഭർത്താവിന്മേൽ ഭാര്യയ്ക്കും. സമാനതകളില്ലാത്ത ദൈവീകസ്നേഹമാണിത്. അതിർവരമ്പുകളില്ലാത്ത ദിവ്യപ്രണയമാണ്. ഉപാധികളില്ലാത്ത പാരസ്പര്യതയാണ്. ഇവിടെ സ്നേഹം നിറഞ്ഞു കവിഞ്ഞ് പ്രവഹിക്കുകയാണ്. അതുകൊണ്ട് ബന്ധത്തിൽ മനംമടുപ്പും സമ്മർദ്ദവും (obsession) ഇല്ല. സ്നേഹം വറ്റിപ്പോയാൽ തകരുന്നത് കുടുംബജീവിതമാണ്. അതുകൊണ്ട് വിവാഹത്തിലൂടെ നിലവിൽ വരുന്ന സ്നേഹം വളർത്തിയെടുക്കുന്നത് ഭാര്യാ-ഭർത്താക്കന്മാരുടെ നിരന്തര യത്നമാണ്. ഭാര്യാ-ഭർത്തൃബന്ധത്തിന്റെ പ്രാഗ് രൂപം ദൈവീക കൂട്ടായ്മയാണ്. ക്രൈസ്തവ സങ്കല്പത്തിൽ ദൈവം തന്നെയൊരു കുടുംബമാണ്. പിതാവും, പുത്രനും, പരിശുദ്ധ റൂഹായുമെന്ന കൂട്ടായ്മയാണ്. ഇവരുടെ ബന്ധമാകട്ടെ സ്നേഹത്തിൽ അധിഷ്ഠിതവും. അനുഗൃഹീത ത്രിത്വത്തിലെ സ്നേഹം മനുഷ്യജീവിതത്തിന് പ്രാപ്യമാകുവാനാണ് ദൈവം മനുഷ്യനെ കുടുംബമായി സൃഷ്ടിച്ച് അനുഗ്രഹിച്ചത്. ഈ ബന്ധത്തിൽ തുടരുക എന്നത് ദൈവീക വാഗ്ദത്തത്തിന്റെ നിവർത്തിക്കലാണ്.

അനുഗൃഹീത ത്രിത്വത്തിൽ എല്ലാവരും വ്യത്യസ്തരും സവിശേഷരും സ്വതന്ത്രരുമാണ്. ഈ വൈവിധ്യം ഐക്യത്തെ തകർക്കുന്നില്ല. നേരെ മറിച്ച് പരിപോഷിപ്പിക്കുന്നു. അതുപോലെ പുരുഷനും

# Obituary note on the late Patriarch Ignatius *Zakka* Iwas Missed Opportunities Based Challenges for his Successor

**Dr. K.M. George Melmana**

Our Holy father departed for his heavenly abode recently. As St.Paul says, "Oh death, where is your sting and where is your victory?" As such if we are in Christ Jesus, we are a new creation even after our death. I pray that the Holy Father may find solace in the lap of Abraham, who is the father of all believers.

This great shepherd of the Syraic Orthodox Church from 1981 to 2014 was one of the presidents of the WCC. He was widely respected in the Arab world too. I had the rare honour of meeting the Patriarch a couple of times. He was a perfect host, may be comparable to Pope Francis.

**Misguided-Misinformed and Confused Leader:**

He came from a class of aristocracy on account of his ancestral worldly fortunes and possessions. To begin with, many of his good intentions were not implemented, may be due to palace coups or due to colonial instincts promoted by multitude who wanted to be yoked under servitude! I too lend credibility to the above observation, many of the "Bulls" signed by him were discarded in letter and spirit reportedly with his connivance. He squandered excellent opportunities to become the prince of peace due to his pliable and manipulative personality. Otherwise Zakka I the erstwhile Patriarch would have gone into world history in golden letters in accordance with the Sermon on the Mount- "blessed arc the peace makers -." What else one would read from the manipulative and intimidating Damascus Synod of 1981 and its resultant show cause notice to the then Catholicose HB Boselious Paulose II. Again as mentioncd earlier,the Bull no. E 175/95 and the 6th Nov. 1996 synod decisions, are all

---

സ്ത്രീയും ജീവശാസ്ത്രപരവും മാനസികവുമായ വൈവിധ്യത്തിൽ തുടരുന്നത് അവരുടെ ഐക്യം തകർക്കുന്നില്ല. പ്രത്യുത, ശക്തീകരിക്കയാണ്. വൈവിധ്യം ആധിപത്യ-വിധേയത്വ ബന്ധത്തിലേക്ക് നയിക്കുന്നുമില്ല. അനുഗൃഹീത ത്രിത്വത്തിലെ ആളത്തങ്ങൾ സവിശേഷതകൾ നിലനിർത്തി തുല്യതയിലും പങ്കാളിത്തത്തിലും തുടരുന്നു, അതായത് ഭാര്യാ-ഭർത്തൃബന്ധം ആരോഗ്യകരമായി തുടരണമെങ്കിൽ അവരവരുടെ സ്വാതന്ത്ര്യവും പ്രത്യേകതകളും സംരക്ഷിച്ചേ തീരൂ.

ഒരു വ്യക്തിയെ സ്വാധീനിക്കുന്ന രണ്ട് ഘടകങ്ങളാണ് ജനിതക, പശ്ചാത്തല ഘടകങ്ങൾ. മനുഷ്യന്റെ വ്യക്തിത്വ രൂപവൽക്കരണത്തിൽ നിർണ്ണായക സ്വാധീനമുള്ള ഈ രണ്ട് ഘടകങ്ങളേയും ജീവിത പങ്കാളിക്ക് മാറ്റിയെടുക്കുക എളുപ്പമല്ല. ഈ അടിസ്ഥാന സവിശേഷതകളും ജീവിത പങ്കാളിയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും ആദരിക്കുന്നതുകൊണ്ടാണ് ഐക്യം നിലനിൽക്കുന്നതും അർത്ഥവത്തായിത്തീരുന്നതും. ഇവിടെ ഐക്യം ഒന്നിനെ നിഷേധിച്ചുകൊണ്ടല്ല, ജീവിതപങ്കാളിയുടെ വ്യത്യസ്തതകൾ പരസ്പരം അംഗീകരിച്ചുകൊണ്ടാണ്.

അതുകൊണ്ട് ഈ ഒന്നാകൽ സംയുക്തതയാണ്, പാരസ്പര്യതയാണ്, സഹജീവിതമാണ് (symbiosis) ജീവിത പങ്കാളിയുടെ വ്യക്തിത്വം നിഷേധിച്ചും, സ്വന്തം ഇഷ്ടത്തിന് വിധേയമാക്കിയും അല്ല. അതിനു ശ്രമിക്കുമ്പോൾ ഉണ്ടാകുന്നത് സംഘർഷമാണ് (conflict). അതുപോലെ ഐക്യത്തിലും വ്യക്തിപരമായി ദൈവത്തോടും സഹജീവികളോടുമുള്ള സമീപനത്തിലും പ്രവൃത്തിയിലും ഓരോരുത്തരും ഉത്തരവാദികൾ (accountable) ആണ്. ഇതിനടിസ്ഥാനം വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. സ്വന്തം പ്രവൃത്തികൾക്കുള്ള ഉത്തരവാദിത്തം ജീവിതപങ്കാളിക്കല്ല. അതായത് ഐക്യം നിലനിൽക്കുമ്പോഴും വ്യക്തിതലത്തിൽ ദൈവ-മനുഷ്യബന്ധങ്ങളിൽ വ്യക്തിപരമായ ബാധ്യത നിലനിൽക്കുന്നു. വൈവാഹിക ഐക്യവും വ്യക്തിപരമായ ഉത്തരവാദിത്തത്തിൽ നിന്ന് ആരേയും ഒഴിവാക്കുന്നില്ല.

വിവാഹ ശുശ്രൂഷ സ്വതേ ദമ്പതികളെ ഐക്യത്തിലെത്തിക്കണമെന്നില്ല. അന്യോന്യ സ്നേഹവും, പാരസ്പര്യതയും വ്യക്തിസ്വാതന്ത്ര്യവും ജീവിതപങ്കാളിയുടെ വ്യത്യസ്തതകളുടെ അംഗീകരണവും ഐക്യത്തിനുവേണ്ടിയുള്ള നിരന്തര ശ്രദ്ധയുമാണ് കൗദാശികമായി ഒന്നായവരെ ഐക്യാനുഭവമുള്ള ദമ്പതികളാക്കിത്തീർക്കുന്നത്.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

glaring examples of confusion and or contradictions dwarfing his tall stature. The Bull no. 30/1999, categorically castigates the Jacobite faction in India for thwarting the peace process, reconciliation and confidence building measures.

Let me also add that it is not fair to blame the late patriarch alone for the "anti witness" testimony. The sordid vested interest groups and palace coup coterie in "Devalokam" with their "holier than thou" attitude is equally responsible for aggravating the situation for the church to put on the filthy rags of the leper as mentioned by the late Holy Father. It is worth recalling Isaiah 64:6 as well. Admittedly it is unfair lo talk ill of anyone and particularly a departed spiritual leader, who did shower personal hospitality on me a couple of occasions in Damascus in Syria. But my only objective is to recall him as a great shepherded in the Christian world who broke ice with the Catholic Churth and was a well respected king without any kingdom of his own in the Syrian Church. However with the inclusion of the Indian diocese (popularly known as one of the dioceses ot the Syraic Orthodox Church), the Jacobite Church, its numerical weakness is taken care of by this one single diocese

**Pointers:**

1) The above note is a challenge to the new patriarch to emerge as the prince of peace , unity and reconciliation. As he knows several languages and is well versed with the Indian situation, he has an edge over his, predecessors to make decisive and well informed decisions. Again being very young with international exposure and wide ecumenical experience, presumably he has the required inner strength too to be a decisive man of action. It is an established fact that, among the Oriental Orthodox Churches, it is only the Indian church which exhibits any vibrancy judged by number of parish churches and believers and thosc who avail holy Communion

2) It is a challenge to WCC. to take initiative for peace and unity in the Indian Church on respectable terms, without any one emerging as victor or vanquished.

3) Even HH Pope francis may use his good office and moral persuasion with the new patriarch and the Indian Catholicose to become active and proactive peace makers.

4) The new generation church leaders from, among the Jacobite church, headed by HG Gregorios-synod Secretary, who is a very close confidant of the new patriarch, coupled with his erstwhile comrade HG Dr. Thomas Athanasius, a forerunner of peace and unity within the Malankara Orthodox Church may be persuaded by the new patriarch and WCC to facilitate the process of confidence building and peace and unity as well as reconciliation for empowered Christian witnessing during this millennium. It may also be worth while to have some well-meaning laity to be included who are objective and peace centric to have this mission accomplished. This laity representation may be left to the above two bishops. Blessed are the peace makers. Why not the new Patriarch be known as the blessed peace maker in the annals of history?

## *Correction Corner*

ഇന്നത്തെ Correction Corner-ൽ പരാമർശിക്കുന്നത് സമാനരൂപത്തിലുള്ള ഏതാനും തെറ്റുകളാണ്. ഇവ നമ്മുടെ ആരാധനാ ക്രമങ്ങളിൽ പലയിടത്തും കാണാം. ഈ ലക്കത്തിലെ ഗീതപഠനത്തിൽ ചേർത്തിട്ടുള്ള ഗാനത്തിലെ "മറിയാം കൈക്കൊണ്ടാളുദരേ" വി. കുർബ്ബാന ക്രമത്തിലെ ധൂപപ്രാർത്ഥനയുടെ ആരംഭഗാനത്തിലെ "നിന്നാൾ സ്തുതിയൊടു രാജമകൾ" വിശ്വാസികൾക്ക് തിരുശരീര രക്തങ്ങൾ നൽകുന്ന സമയത്ത് ആലപിക്കപ്പെടുന്ന ഗാനത്തിന്റെ ആദ്യപാദത്തിലെ "രക്ഷകനുരചെയ്താൻ" എന്നിങ്ങനെയുള്ള പ്രയോഗങ്ങളിൽ ഒരു ആവർത്തനപ്പിശകുണ്ട്. ഉദാഹരണത്തിന് 'നിന്നാൾ സ്തുതിയൊടു രാജമകൾ' എന്നതെടുക്കാം. 'നിന്നാൾ' എന്നതിന്റെ അർത്ഥം 'അവൾ നിന്നു' എന്നാണ്. തുടർന്ന് രാജമകൾ എന്നുകൂടി ചേർത്തിരിക്കുന്നു. അപ്പോൾ അർത്ഥം 'രാജകുമാരി അവൾ നിന്നു' എന്നായി. ഇവിടെ 'നിന്നു' എന്ന ക്രിയയ്ക്ക് രണ്ട് കർത്താവുകൾ (subjects) ആവശ്യമില്ല. ചേർക്കുന്നത് തെറ്റാണ്. അതുകൊണ്ട് 'നിന്നു സ്തുതിയൊടു രാജമകൾ' എന്നുമതി. ഈ ഗാനം 45-ാം സങ്കീർത്തനത്തെ ആസ്പദിച്ചു രചിക്കപ്പെട്ടിട്ടുള്ളതാണ്. അവിടെ 'നിൽക്കുന്നു' എന്ന വർത്തമാന ക്രിയയാണ് കാണുന്നത്. അക്കാരണത്താൽ 'നില്പ്പൂ സ്തുതിയൊരു രാജമകൾ' എന്നതാണ് പൂർണമായും ശരിയായ പ്രയോഗം. ഇതേരീതിയിൽ ചിന്തിച്ച് സമാനമായ മറ്റു പിശകുകളും തിരുത്താവുന്നതാണ്.

# നമുക്കും ഭൂമിയമ്മയെപ്പോലെയാകാം

**എ.എം. തോമസ് ആലുങ്കൽ**

നമ്മുടെ ഭൂമി എത്ര മനോഹരമാണ്! എന്തെല്ലാമാണ് ഈ ഭൂമിയിലുള്ളത്! എങ്ങും ജലാശയങ്ങൾ, അരുവികൾ, തോടുകൾ, നദികൾ, പുൽമേടുകൾ, സഹ്യസാനുക്കൾ, വനങ്ങൾ, പൂമ്പാറ്റകൾ, പക്ഷികൾ....

കാതിനിമ്പം പകരുന്ന വൈവിധ്യമാർന്ന ശബ്ദങ്ങൾ, മനസ്സിൽ പോലും സുഗന്ധം പരത്തുന്ന പുഷ്പങ്ങൾ ഇവയൊക്കെ തരുന്നത് വ്യത്യസ്തമായ അനുഭവങ്ങളാണ്.

എന്നാൽ നാം പ്രകൃതിയെ ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾക്കാണ് വിധേയമാക്കുന്നത്! ഭൂമിയാകുന്ന അമ്മയുടെ മുഖം എങ്ങനെയൊക്കെയാണ് വികൃതമാക്കുന്നത്. എത്രയേറെ പരിക്കുകളാണ് ആ അമ്മയെ ഏല്പിക്കുന്നത് !

നമ്മുടെ കുഞ്ഞുങ്ങൾക്കും വരുംതലമുറകൾക്കും ജീവിതത്തിനാവശ്യമായതൊക്കെ നൽകാൻ ഭൂമിയമ്മയ്ക്കെങ്ങനെ കഴിയുമെന്ന് ചിന്തിക്കേണ്ടതും ഇത്തരത്തിലാണ്. പവിത്രമായതൊക്കെ നമ്മുടേതായ സുഖസൗകര്യങ്ങൾക്കു വേണ്ടി നശിപ്പിക്കുന്നതിന്റെ ഭീകരകാഴ്ചയാണ് നാം നിത്യേന കാണുന്നത്.

എത്രയെത്ര അനുഭവങ്ങളാണ് പ്രകൃതി നമുക്ക് നൽകുന്നത്. അനുഭവപാഠങ്ങളെല്ലാം നമ്മെ നന്മയിലേക്ക് നയിക്കേണ്ടതല്ലേ?

ഭൂമി നൽകുന്ന അനുഭവങ്ങളുടെ വെളിച്ചത്തിൽ നാം നേടുന്ന അറിവുകളാണ് നമ്മുടെ ജീവിതവിജയത്തിന്റെ പാത തെളിക്കുന്നത്. സ്വന്തം അനുഭവങ്ങൾ വിലയിരുത്തുന്നതിലൂടെയാകണം വിവിധതരത്തിലുള്ള വിഷയങ്ങൾ സംബന്ധിച്ച് നാം മനസ്സിലാക്കേണ്ടത്.



ഭൂമിക്കുമേൽ നാം ഏല്പിക്കുന്ന ഓരോ മുറിവും തിരിച്ചറിയാനുള്ള ശേഷി നമുക്ക് എത്രപേർക്കുണ്ട്? നമ്മുടെ ചിന്തകൾക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് തോന്നുന്ന, തിരിച്ചറിവിന്റെ നിമിഷങ്ങളെ സംബന്ധിച്ചും നമുക്ക് ബോധ്യം വേണം. മനുഷ്യനെ നിയന്ത്രിക്കുന്നതിൽ അവന്റെ ചിന്തകൾക്ക് ഏറെ പ്രാധാന്യമുണ്ട് എന്ന മഹത് വചനത്തിനും വലിയ പ്രസക്തിയുണ്ട്. ഭൂമിയുടെ ജീവകണങ്ങളുമായി ബന്ധപ്പെട്ടു കഴിയുന്ന നമുക്ക് ജീവിതത്തെക്കുറിച്ച് തനതായ വീക്ഷണം ഉണ്ടാകേണ്ടതല്ലേ? ഓരോരുത്തരുടേയും വീക്ഷണം വ്യത്യസ്തങ്ങളായിട്ടായിരിക്കും ഭൂമിയിൽ നിന്ന് ലഭിക്കുന്ന അറിവും അനുഭവങ്ങളും പകർന്നു നൽകുന്നത്.

ഏറ്റവും ശ്രേഷ്ഠമായ കാര്യങ്ങളാണ് ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും നാം കണ്ടെത്തുക. എത്രയോ ക്ലേശങ്ങളാണ് നാം ഓരോരുത്തരും അനുഭവിക്കുന്നത്! അവയെല്ലാം നമ്മുടെ ജീവിതത്തെ പരുവപ്പെടുത്തട്ടെ. പ്രതികൂലാവസ്ഥകളെ നിറഞ്ഞ ചിരിയോടെ നേരിടാനുള്ള കഴിവ് നമുക്ക് ഉണ്ടാകട്ടെ. ഭൂമിയമ്മയ്ക്കുള്ളതുപോലെ എല്ലാം സഹിക്കാനുള്ള ശേഷിയും അതിലൂടെ സത് പ്രവൃത്തികൾ ചെയ്യാനുള്ള പ്രേരണയും നമുക്ക് കൈവരട്ടെ.


**ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും**

**വടകര, കൂത്താട്ടുകുളം**
Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ
വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.
സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

*വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും* (Free and Paid) *പ്രവേശനം നൽകുന്നു*

*ഗീതപഠനം*

# കർത്താവരുളിച്ചെയ്തു, ഞാൻ.....

വി.പി

**സാഹിത്യം:** കർത്താവരുളിച്ചെയ്തു, "ഞാൻ ജീവന്റെയപ്പം
ലോകത്തെ പോഷിപ്പിക്കാൻ മേലിന്നും വന്നു
താതനയച്ചു-വചനമാമെന്നെ"
കർഷകനെപ്പോൽ ഗബ്രിയേൽ വിതച്ചു
നല്ലനിലം തുല്യം മറിയാം കൈക്കൊണ്ടു ഉദരേ
ദൂതസമാനം ത്രോണോസിൽ പട്ടക്കാർ കയ്യിൽ
ഹാലേലുയ്യാ-ഘോഷിച്ചീടുന്നു

**വാക്കർത്ഥം:**

| | | |
|---|---|---|
| കർത്താവ് | : | ദൈവം, യേശുതമ്പുരാൻ |
| അരുളിച്ചെയ്തു | : | പറഞ്ഞു (ബഹുമാനസൂചകമായ പ്രയോഗം) |
| ജീവന്റെ അപ്പം | : | ജീവനുള്ള/ജീവൻ നൽകുന്ന അപ്പം |
| ലോകത്തെ | : | മനുഷ്യരേയും മറ്റ് ചരാചരങ്ങളേയും |
| പോഷിപ്പിക്കാൻ | : | പോഷണം നൽകാൻ, തീറ്റിപ്പോറ്റാൻ |
| മേലിന്നും | : | മുകളിൽ നിന്ന്, സ്വർഗത്തിൽ നിന്ന് |
| താതൻ | : | പിതാവ് (പിതാവാം ദൈവം) |
| വചനമാം എന്നെ | : | വചനമായ (ദൈവമായ, വാഗ്ദാനമായ) എന്നെ |
| കൈക്കൊണ്ടു | : | ആദരപൂർവ്വം സ്വീകരിച്ചു |
| ഉദരേ | : | വയറ്റിൽ, ഗർഭപാത്രത്തിൽ |
| ദൂതസമാനം | : | മാലാഖമാരേപ്പോലെ |
| ത്രോണോസിൽ | : | ബലിപീഠത്തിൽ |
| ഘോഷിച്ചീടുന്നു | : | ആഘോഷിക്കുന്നു, മഹത്വപ്പെടുത്തുന്നു. |

**കൂട്ടർത്ഥം:** കർത്താവ് പറഞ്ഞു, "ഞാൻ ജീവന്റെ അപ്പമാകുന്നു. ലോകത്തിന് പോഷണ/ഭക്ഷണമായി സ്വർഗ്ഗത്തിൽ നിന്ന് ഞാൻ ഇറങ്ങിവന്നു. പിതാവാം ദൈവമാണ് എന്നെ അയച്ചത്." ആ വചനത്തെ (പുത്രൻ തമ്പുരാനെ) ഗബ്രിയേൽ മാലാഖ വിത്തുപോലെ വിതച്ചു. കന്യാമറിയാം തന്റെ ഗർഭപാത്രത്തിൽ അതിനെ ആദരപൂർവ്വം സ്വീകരിച്ചു. ദൈവത്തിന് സ്തുതി. ആ വചനത്തെ, സ്വർഗ്ഗത്തിലെ മാലാഖമാർ എന്നപോലെ ഇവിടെ വിശുദ്ധ മഹ്ബഹായിലെ ബലിപീഠത്തിൽ പട്ടക്കാർ അവരുടെ കൈകളിൽ ആഘോഷിക്കുന്നു.

**വ്യാഖ്യാനം :** വി. സഭയുടെ വിശ്വാസസത്ത ഉൾക്കൊള്ളുന്ന സുവിശേഷ ഭാഗത്തിന്റെ ഗാനാവിഷ്ക്കരണമാണ് ഈ ഗീതം. യോഹന്നാന്റെ സുവിശേഷം 1:1-5, 6:48-51, 14:4-5 എന്നീ വാക്യങ്ങളാണ് ഈ ഗീതത്തിന് അടിസ്ഥാനം. "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും" എന്ന വാഗ്ദാനം യാഥാർത്ഥ്യമാക്കുവാനായി കാലത്തികവിൽ പിതാവാം ദൈവം വിശുദ്ധ ത്രിത്വത്തിൽ രണ്ടാം ആളത്തമായ പുത്രൻ തമ്പുരാനെ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേയ്ക്കയച്ചു. വചനമായി അയയ്ക്കപ്പെട്ട ദൈവപുത്രനെ ഗബ്രിയേൽ മാലാഖ ഒരു കൃഷിക്കാരൻ വിത്തു നടുന്നതുപോലെ നട്ടു. വി. കന്യാമറിയം തന്റെ ഉദരമാകുന്ന നല്ല നിലത്ത് ആദരപൂർവ്വം സ്വീകരിച്ചു, സൂക്ഷിച്ചു. യേശുക്കുഞ്ഞായി പ്രസവിച്ചു. അവൻ വളർന്ന് സുവിശേഷം ഘോഷിച്ചു. ഒടുവിൽ സ്വയം ബലിയായിത്തീർന്നു. അതിന്റെ സ്മരണ ലോകത്ത് തുടരുന്നതിനായി സ്വന്തം മാംസരക്തങ്ങളെ അപ്പവീഞ്ഞുകളുടെ രൂപത്തിൽ തന്റെ ശിഷ്യഗണത്തിന് നൽകിക്കൊണ്ട് പ്രതീകാത്മകമായി വിശുദ്ധ കുർബ്ബാന സ്ഥാപിച്ചു. ക്രിസ്തു കല്പന പ്രകാരമുള്ള അതിന്റെ പുനരാഘോഷമാണ് പട്ടക്കാർ വിശ്വാസികളുടെ പങ്കാളിത്തത്തോടെ ദേവാലയങ്ങളിൽ നിർവ്വഹിച്ചു പോരുന്നത്. കർത്തൃനിർദ്ദേശ പ്രകാരം യോഗ്യമാംവിധം ജനം വി. കുർബ്ബാന സ്വീകരിച്ച് ആത്മരക്ഷ പ്രാപിക്കുന്നു.

## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

**കവിത**

# അക്ഷരവൈരികൾ

ഡോ. ചാണ്ടി പോൾ

പലരോടും വാറുണ്ണി ചോദിച്ചു: "സ്കൂളേത്
മലയാളമറിയാത്ത മകനു ചേരാൻ"?
"യേർക്കാടും ഊട്ടിയും, മുതലാളിക്കറിയില്ലേ
ചേർക്കണമവിടെങ്ങാൻ, നാടുമോശം!"
മലയാളമറിയില്ല മകനെന്ന് നാലുപേ-
രറിയണം, അതുമൊരു പദവിയല്ലോ!
മറ്റുകാര്യത്തിലും കമ്മിയാണറിവെന്ന്
പറ്റുമോ പറയുവാൻ, മോശമല്ലേ?
തടിമാടൻ, അവനൽപ്പം കഞ്ചാവുസേവയു-
യുണ്ടടിപിടി കൂടാത്ത ദിവസമില്ല!
യേർക്കാടുമൂട്ടിയും അവനെയുൾക്കൊള്ളുവാൻ
ഒക്കാതെ വീട്ടിൽ പറഞ്ഞയച്ചു
അക്കാര്യം ആരാരുമറിയാതിരിക്കുവാൻ
നോക്കണം, നാട്ടുകാർ ദൂഷണക്കാർ!

മലയാളമറിയാത്ത മകൻ, അതിലന്തസ്സു-
പുലരുന്ന കാര്യം മനസ്സിലാക്കി
'മലയായിൽ വാറുണ്ണി' മുടിയൊന്നുമില്ലാത്ത
തലയും തടവി അനുസ്മരിച്ചു:
'ഗതികെട്ട' മലയാളമെഴുതാനും പറയാനും
പദമുച്ചരിക്കാനും ഉദ്യമിച്ചാൽ
ഭയമെനി,ക്കിളയത് സാറിന്റെ ചൂരലിൻ
മയമേതുമില്ലാത്ത താഡനങ്ങൾ
ഒരു പേടിസ്വപ്നമായ് ഇന്നുമെൻ ചിന്തയിൽ
തിരനോക്കും അക്കാലമോർമ്മ വന്നാൽ!

മലയാളമറിയാത്ത മകൻ, അതിലഭിമാന-
പുളകിതൻ 'ഡാഡി' തിരിഞ്ഞുനോക്കി:
മൂന്നിൽ മൂന്നാം കൊല്ലമന്ന് തോറ്റപ്പഴേ
പോന്നു പഠനം തുടർന്നതില്ല
ഇളയത് സാറിനും കുട്ടികൾക്കും ഇനി-
ക്കളിയാക്കുവാൻ തിരുമണ്ടനില്ല!
അവർപോയി തുലയട്ടെ ഞാനെന്റെ പാട്ടിനു-
വയർ പിഴച്ചിടുവാൻ വഴികൾ നോക്കി.
പതിനൊന്നു മക്കളിൽ ഇളയവൻ, ഞാനന്ന്
പതിവിലും നേരത്തേ വീട്ടിലെത്തി
വയറിലെ വേദനകൊണ്ട് ഞാൻ പോന്നന്ന്
കറയറ്റ കളവു പറഞ്ഞുനോക്കി.
വെളിവാക്കിച്ചുളിയുന്ന പുരികത്തിലൂടെയാ-
പൊളിയുടെ കള്ളി പൊളിച്ചിതപ്പൻ!
ഒരു വാക്കുമിണ്ടിയി, ല്ലൊന്നുമേ ചെയ്തതി-
ല്ലിരുവരും തെല്ലിടനോക്കി നിന്നു!

മുങ്ങി, ഈ നാട്ടിൽ നിന്നേറെ വൈകാതെ ഞാൻ
പൊങ്ങിയതില്ല വർഷങ്ങളോളം!
മലയായിൽ ഒരു ചെറു ചീനത്തിപ്പെണ്ണിനെ-
പ്പലനാളുകണ്ടു പരിണയിച്ചു.
എന്നിലപകർഷതാബോധ സ്ഫുലിംഗങ്ങൾ
വെണ്ണീറുമൂടിക്കിടന്നിരുന്നു!
അത്തീയിലത്രേ കുരുത്തതെൻ നേട്ടങ്ങൾ
അത്യുച്ചമെത്രയോ കൊമ്പുകളിൽ
എത്തിപ്പിടിച്ചേൻ പ്രവാസകാലത്ത്, ഞാൻ
വിത്തേശനായി തിരിച്ചുവന്നു!
മകനുപഠിക്കാൻ പരിഷ്കൃതം, നിലവാര-
മികവുറ്റ, പേർപെറ്റ വിദ്യാലയം
ഒരു മട്ടുകണ്ടെത്തി, അകലെയാബോർഡിംഗി-
ലരുമസന്താനത്തെ കുടിയിരുത്തി.
ഒരു മന്ത്രിയിടപെട്ട കാരണമൊന്നിനാൽ
ഒരു വിധമവിടെ കടന്നുകൂടി!
ഇനിയുമിടക്കേടു തീർന്നില്ല, മലയാളം
അവിടെയും വേണമെന്നാണുപോലും!
അതിനെന്ത്, ഹെഡ്മാസ്റ്ററച്ചനോടാലോചി-
ച്ചതിനൊരു മാർഗ്ഗവും കണ്ടുവെച്ചു.
ഭാഷാവിചക്ഷണനച്യുതൻ മാസ്റ്ററെ
ട്യൂഷനെടുക്കുവാൻ ഏർപ്പെടുത്തി.
അക്ഷരം തൊട്ടുതുടങ്ങണമെന്നതിൽ
അക്ഷമകാട്ടിത്തുടങ്ങി പയ്യൻ.
ഒട്ടും വഴങ്ങിയതില്ല, ഗുരുവിന്
ചിട്ടകൾ വിട്ടൊരു കാര്യമില്ല!
നാലഞ്ചുമാസം കഴിഞ്ഞിട്ടും അക്ഷര-
ജാലം മുഴുവനും പഠിച്ചതില്ല!

മലയാളമെഴുതാൻ ഇനിയും പഠിക്കാത്ത
മകനോടു താതൻ പരിഭവിച്ചു:
"പത്തിൽ പരീക്ഷയ്ക്കിരുന്നിടും മുൻപുനീ
പുസ്തകമെത്ര പഠിച്ചിടേണം!
അക്ഷരം പോലും അറിയാതെ പ്രത്യേക-
ശിക്ഷണം കൊണ്ടുനീ എന്തുനേടും?
പത്തുപോലും ജയിക്കാതെ നീയെങ്ങനെ
പത്തുജനത്തിൻ മുഖത്തുനോക്കും?"

"ഇക്കാലം ഈവക പ്രശ്നങ്ങളൊന്നുമി,-
ല്ലക്കാര്യമൊക്കെ ഞാനേറ്റു ഡാഡീ"
പിറ്റേന്ന് രചന തിരുത്തിക്കൊടുക്കവേ
തെറ്റുകൾ ചൂണ്ടിപ്പറഞ്ഞു മാസ്റ്റർ
"ഇക്കണക്കങ്ങോട്ടു പോവുകിൽ സണ്ണീ നീ-
യക്കരെപ്പറ്റുകയില്ല കുഞ്ഞേ."

"അക്ഷരമെല്ലാം പഠിക്കാതെ തന്നെ ഞാൻ
ലക്ഷ്യത്തിലെത്തിടും, മന്ത്രിയാകും
ഈ വകയൊക്കെയറിഞ്ഞിട്ടും അങ്ങൊരു
പാവം മലയാളം സാറുമാത്രം!
'സഖ്യം' കരുത്താവും ഒത്തുവന്നീടുകിൽ
'മുഖ്യ'നുമാകാം വകുപ്പുകളിൽ
'വിദ്യ'യുമുൾപ്പെടുമെങ്കിൽ ഞാൻ സാറിന്റെ
ഗദ്യപദ്യങ്ങൾക്ക് മന്ത്രിയാകും!"

ഒരു നടുക്കത്തോടെ ചൊല്ലീ ഗുരുവരൻ
ഒരുതരം ശാപവചസ്സുപോലെ:
"അറിയുന്നിതാദ്യമായ് ഇന്നു ഞാൻ, അക്ഷരം
അറിയുന്നതത്രേ ഗുരുത്വദോഷം!
വയറേഴു പുലരണം അതിനൊരു പോംവഴി
വരികിലീ വേഷമഴിച്ചുവെയ്ക്കാം"

ലേഖനം

# കുടുംബം: വേദപുസ്തക-വേദശാസ്ത്ര അടിസ്ഥാനത്തിൽ

ഫാ. ഡോ. ഒ. തോമസ്

മതപരമായ ആചാരാനുഷ്ഠാനങ്ങൾ നമ്മുടെ സമൂഹത്തിൽ വർദ്ധിക്കുന്നുണ്ടെങ്കിലും ജീവിതവീക്ഷണവും ശൈലിയും ഒട്ടൊക്കെ സെക്യുലറായി തുടരുന്നു എന്ന വൈരുദ്ധ്യം നാം അംഗീകരിക്കേണ്ടതുണ്ട്. അതിന്റെ പ്രധാനമായ ഒരു കാരണം സെക്കുലർ വിദ്യാഭ്യാസവും ആദ്ധ്യാത്മിക അടിത്തറയില്ലാത്ത വിവരസാങ്കേതിക വിദ്യയുടെ അതിപ്രസരവുമാണ്. വിവാഹകൂദാശ പള്ളിയിൽ നടത്തപ്പെടുന്നുണ്ടെങ്കിലും അതിന്റെ ആത്മീയമായ അടിത്തറ വേണ്ടവിധത്തിൽ ഇന്നത്തെ തലമുറ മനസ്സിലാക്കുന്നുണ്ടെന്നു തോന്നുന്നില്ല. നിരന്തരമായ പ്രബോധനം ഈ കാര്യത്തിൽ സഭ നൽകേണ്ടിയിരിക്കുന്നു. സഭയുടെ 'മാനവശാക്തീകരണ ശുശ്രൂഷ' ഏറ്റെടുത്തിരിക്കുന്ന 'അവർ ഒന്നാകുന്നു' എന്ന പദ്ധതി ഈ ദിശയിലുള്ള പരിശ്രമമെന്ന നിലയിൽ അഭിനന്ദനം അർഹിക്കുന്നു. വിവാഹത്തിലൂടെ ആരംഭിക്കുന്ന കുടുംബത്തിന്റെ വേദപുസ്തക-വേദശാസ്ത്ര അടിസ്ഥാനത്തെപ്പറ്റി ചുരുക്കമായി ചില കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ.

നാം വിശുദ്ധം എന്ന് ഏതൊന്നിനെപ്പറ്റി ചിന്തിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവോ, അതിനോടുള്ള നമ്മുടെ സമീപനവും വീക്ഷണവും വ്യത്യസ്തമായിരിക്കും. പശുവിനെ പൂജ്യവസ്തുവായി കരുതുന്ന ഒരു വിശ്വാസം വടക്കേ ഇന്ത്യയിൽ പ്രബലമാണ്. എല്ലാവർക്കും ആ വിശ്വാസം ഇല്ലെങ്കിലും വിശ്വസം ഉള്ളവർ കൂപ്പുകൈകളോടെ പശുവിനെ തൊഴുകയും ആരാധനാമനോഭാവത്തോടെ സ്പർശിക്കുകയും ചെയ്യുന്നത് ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ദൃശ്യമാകുന്ന ഒരു യാഥാർത്ഥ്യമാണ്. അതുപോലെ വിവാഹത്തെ വിശുദ്ധമായി കാണുന്നവർക്ക്, അതിനോടുള്ള മനോഭാവവും കാഴ്ചപ്പാടും വ്യത്യസ്തമായ നിലയിലായിരിക്കും. സെക്കുലറായ കാഴ്ചപ്പാടാണ് പലരും വച്ചുപുലർത്തുന്നത് എന്നു നേരത്തേ സൂചിപ്പിച്ചു. അവയെപ്പറ്റി പരാമർശിച്ചിട്ട് വേദപുസ്തക കാഴ്ചപ്പാടിലേക്കു വരാം.

**സെക്കുലർ വീക്ഷണം**

1) ജീവശാസ്ത്രപരം (Biological): ജീവജാലങ്ങൾ ഒരു പ്രായമെത്തുമ്പോൾ ഇണ ചേരുകയും സന്തതിയെ ജനിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ ഈ ധർമ്മം നിർവ്വഹിക്കുന്നതിനാണ് വിവാഹവും കുടുംബജീവിതവും.
2) മാനസികം (Psychological) : മനുഷ്യന് ശരീരം എന്നതുപോലെ മനസ്സുമുണ്ട്. ആത്യന്തികമായി എതിർലിംഗത്തോട് മാനസികമായി അടുക്കാൻ അഭിനിവേശമുണ്ട്. ഗാഢമായ ഒരു മാനസിക സൗഹൃദം എതിർലിംഗവുമായി ഉണ്ടാക്കിയെടുക്കാനുള്ള നൈസർഗികമായ ആഗ്രഹം നിറവേറ്റപ്പെടാനാണ് കുടുംബം എന്ന സ്ഥാപനം ആവശ്യമായിരിക്കുന്നത്.
3) സാമ്പത്തികം (Economical): മാർക്സിയൻ തത്വശാസ്ത്രം മനുഷ്യന്റെ ഏറ്റവും വലിയ ആഗ്രഹത്തെ ബന്ധപ്പെടുത്തിയിരിക്കുന്നത് സമ്പത്തിനോടാണ്. (Man is basically economical) സമ്പത്ത് ആർജ്ജിക്കുകയും അത് സുരക്ഷിതമായി നിലനിർത്തുകയും ചെയ്യുന്ന ഒരു ത്വര മനുഷ്യനിലുണ്ട്. അതു നിർവ്വഹിക്കുവാൻ സഹായിക്കുന്ന ഒരു സംവിധാനമാണ് കുടുംബം. സാമ്പത്തിക സുരക്ഷിതത്വം എല്ലാവരും ആഗ്രഹിക്കുന്നു. കുടുംബബന്ധങ്ങളിൽക്കൂടി അത് നേടിയെടുക്കുവാൻ ശ്രമിക്കുന്നു.
4) സാമൂഹികം (Sociological): മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. ഒറ്റപ്പെട്ട് നിലനിൽക്കുവാൻ ആർക്കും സാധ്യമല്ല. അതേസമയം ആൾക്കൂട്ടത്തിൽ ഒരാളായി മാത്രം ജീവിക്കാനും സാധ്യമല്ല. അതിനാൽ ചെറിയ യൂണിറ്റിൽക്കൂടി വലിയ യൂണിറ്റായ സമൂഹത്തോടുള്ള ബന്ധത്തിൽ നിലനിൽക്കാൻ ഒരു സാമൂഹിക ക്രമീകരണം അത്യന്താപേക്ഷിതമായിരിക്കുന്നു. കുടുംബം അതിനുള്ള മുഖാന്തരമാണ്.

ഈ നാലു വീക്ഷണങ്ങളും പ്രാധാന്യം ഉള്ളതുതന്നെ. എന്നാൽ, അപൂർണ്ണവുമാണ്. ഈ ധർമ്മങ്ങളെല്ലാം അനുഷ്ഠിക്കുന്നതിന്റെ മറ്റൊരടിസ്ഥാനമുണ്ട്. വേദപുസ്തകത്തിലും വേദശാസ്ത്രത്തിലും അതാണ് അതിപ്രധാനമായിട്ടുള്ളത്. അതിൻ പ്രകാരം

**1) കുടുംബം ദൈവീകസ്ഥാപനമാണ്**

ആദിയിൽ ദൈവം ആകാശവും ഭൂമിയും അതിലുള്ള സകല ചരാചരങ്ങളേയും സൃഷ്ടിച്ചു. അവയെല്ലാം ഉണ്ടാകട്ടെ എന്നു പറഞ്ഞപ്പോൾ ഉണ്ടായി. എന്നാൽ മനുഷ്യനെ (ആണും പെണ്ണും ഉൾപ്പെടുന്ന) സൃഷ്ടിച്ചത് പ്രത്യേകമായ വിധത്തിലായിരുന്നു. യഹോവയായ ദൈവം തന്റെ കൈകൾ കൊണ്ട് ആദ്യമനുഷ്യനെ മെനഞ്ഞുണ്ടാക്കി. അവന്റെ മൂക്കിൽ ജീവശ്വാസം ഊതി (ഉല്പത്തി 2:7). മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നതു കണ്ടിട്ട്, അവനെ ഗാഢനിദ്രവരുത്തി ഉറക്കിയിട്ട് അവന്റെ വാരിയെല്ലിൽ നിന്ന് പങ്കാളിയെ സൃഷ്ടിച്ചു (ഉല്പത്തി 2:21). മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള ഈ ആക്ഷരിക വിവര

ണത്തിൽ ചിലർക്ക് യുക്തിഭംഗ മൊക്കെ തോന്നിയേക്കാം. എന്നാൽ വേദഭാഗം ഊന്നൽ കൊടുക്കുന്നത് അതിന്റെ പൊരുളിനാണ്. അതായത്, ദൈവം തന്റെ സാദൃശ്യവും സ്വരൂപവും നൽകിയത് മനുഷ്യന് (സ്ത്രീയ്ക്കും പുരുഷനും) മാത്രമാണ് എന്ന് വെളിപ്പെടുത്തുന്നു.

**സാദൃശ്യത്തിന്റേയും സ്വരൂപത്തിന്റേയും അർത്ഥം**

ക്രിസ്തീയ വേദശാസ്ത്രത്തിൽ ഇതിന് വളരെ അർത്ഥമുണ്ട്. സാദൃശ്യം അഥവാ image ദൈവതേജസ്സ് പ്രതിബിംബിക്കാനുള്ള മനുഷ്യന്റെ കഴിവിനെയും സ്വരൂപം അഥവാ likeness ദൈവതേജസ്സിന്റെ പൂർണ്ണതയിലേക്കു വളരുവാനുള്ള സാധ്യതയെയും വെളിപ്പെടുത്തുന്നു. സൃഷ്ടിയിൽ സ്ത്രീയും പുരുഷനും പൂർണ്ണതയുള്ളവരല്ലായിരുന്നു. അവരുടെ പരസ്പര ബന്ധത്തിലൂടെ ദൈവതേജസ്സിന്റെ നിറവിലും പൂർണ്ണതയിലും വളരണമെന്ന് ദൈവം ആഗ്രഹിച്ചു. സാത്താന്റെ ഇടപെടലാണ് ദൈവത്തിന്റെ ഈ പദ്ധതിയെ മറിച്ചു കളഞ്ഞത്. ദൈവതേജസ്സ് നഷ്ടപ്പെടുത്തി പാപസ്വഭാവമുള്ളവരായിത്തീർന്നു. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കാനാണ് സ്വന്തപുത്രൻ തന്നെ ലോകത്തിലേക്കു വന്ന് ക്രൂശിൽ യാഗമായിത്തീർന്നത്. അങ്ങനെ ദൈവതേജസ്സിലേക്ക് വളരാനുള്ള കൃപ ക്രിസ്തുവിന്റെ മനുഷ്യാവതാരം മൂലം വീണ്ടും മനുഷ്യവർഗ്ഗത്തിനു ലഭിച്ചു. വിശ്വാസസമൂഹം ഈ തത്വങ്ങൾ അംഗീകരിക്കാൻ കടപ്പെട്ടവരായിരിക്കുമ്പോൾ കുടുംബത്തിന്റെ അർത്ഥവും ആ വഴിക്ക് മനസ്സിലാക്കുവാനും വ്യാഖ്യാനിക്കുവാനും സാധിക്കണം. ശാരീരിക, മാനസിക, സാമൂഹിക, സാമ്പത്തിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനപ്പുറം ദൈവകൃപയിലൂടെ ദൈവതേജസ്സിന്റെ പൂർണ്ണതയിലേക്ക് വളരുവാൻ പരസ്പരം സഹായിക്കുവാനും കുഞ്ഞുങ്ങളെ ലഭിക്കുമ്പോൾ അവരേയും ആ വഴിക്ക് വളർത്തുവാനുമാണ് ക്രിസ്തീയ കുടുംബങ്ങൾ ആത്യന്തികമായി ലക്ഷ്യം വയ്ക്കേണ്ടത്.

**2) വിവാഹം ഒരു കൂദാശയാണ്.**

രാജ്യത്തിന്റെ നിയമപ്രകാരം 18 വയസ്സുള്ള സ്ത്രീയും 21 വയസ്സുള്ള പുരുഷനും പരസ്പര സമ്മത പ്രകാരം വിവാഹത്തിലേർപ്പെടുവാനും അവർക്കു ഭാര്യാഭർത്താക്കന്മാർ എന്ന നിലയിലുള്ള നിയമപരിരക്ഷ ലഭിക്കുവാനും അവകാശമുണ്ട്. എന്നാൽ സഭയുടെ കാഴ്ചപ്പാടിൽ അവർ ഭാര്യാഭർത്താക്കന്മാർ ആകുന്നില്ല. ആദ്യമാതാപിതാക്കളേപ്പോലെ ദൈവം കൂട്ടിയോജിപ്പിക്കുമ്പോഴാണ് അവർ യഥാർത്ഥത്തിൽ ഭാര്യാഭർത്താക്കന്മാരായിത്തീരുന്നത് ഇത് വിവാഹം എന്ന വിശുദ്ധ കൂദാശയിൽകൂടിയാണ് സംഭവിക്കുന്നത്. മനുഷ്യരുടെ സമൂഹത്തിലെ വിലയും നിലയും അംഗീകരിക്കപ്പെടുന്ന ഒരു ചടങ്ങായി ഇന്ന് വിവാഹ കൂദാശ തരംതാഴ്ന്നിട്ടില്ലേ എന്ന് ഏവരും സ്വയപരിശോധന നടത്തേണ്ടതാണ്. ഏതൊരു കൂദാശയും പൂർത്തീകരിക്കപ്പെടുന്നത് വിശുദ്ധ കുർബ്ബാനയോടു ചേർന്നാണ്. പ്രായോഗിക സൗകര്യം കണക്കിലെടുത്ത് ആ രീതി ഇന്ന് മാറിയിട്ടുണ്ടെങ്കിലും അതിന്റെ തത്വം നിലനിർത്തേണ്ടതും പാലിക്കപ്പെടേണ്ടതുമാണ്. വിശുദ്ധ കുമ്പസാരത്തിനു പകരം നിൽക്കുന്നതല്ല പ്രീ-മാരിറ്റൽ കൗൺസെലിംഗ്. കൗൺസെലിംഗിൽക്കൂടി വിവാഹത്തിനു ലഭിക്കുന്ന ബുദ്ധിപരമായ ഒരുക്കം പ്രാധാന്യമുള്ളതാണ്. എന്നാൽ ആത്മീയ ഒരുക്കവും വിവാഹത്തിനു മുമ്പു വന്നുപോയിട്ടുള്ള കുറവുകളും കുറ്റങ്ങളുമൊക്കെ സത്യകുമ്പസാരത്തിൽ ഏറ്റുപറഞ്ഞ് അർത്ഥവത്തായി വിശുദ്ധ കുർബ്ബാന സ്വീകരിച്ചു കൊണ്ടു വേണം വിവാഹ കൂദാശയിൽക്കൂടി സ്ത്രീപുരുഷന്മാർ ദമ്പതികളാകേണ്ടത്. ഏത് യന്ത്രത്തിന്റേയും കേടുപോക്കാൻ ആത്യന്തികമായി കഴിവുള്ളത് അതിന്റെ നിർമ്മാതാക്കൾക്കാണല്ലോ. കുടുംബം സൃഷ്ടിച്ചത് ദൈവം എന്ന് വിശ്വസിക്കുന്നവർക്ക്, അതിന്റെ കുറവുകളെ പരിഹരിക്കാൻ ആദ്യം ഏല്പിച്ചു കൊടുക്കേണ്ടത് ദൈവത്തിനുതന്നെയായിരിക്കണം. മാനുഷിക ഉപാധികൾക്ക് അതുകഴിഞ്ഞുള്ള സ്ഥാനമേ ഉള്ളൂ. കൗൺസെലിംഗും സൈക്കോതെറാപ്പിയുമൊക്കെ വർദ്ധിച്ചിട്ടുണ്ടെങ്കിലും കുടുംബപ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടാതെ പോകുന്നത് അതിന്റെ ആത്മീയ അടിത്തറയിലുള്ള വിള്ളലും തകർച്ചയും ശ്രദ്ധിക്കാതെ പോകുന്നതുകൊണ്ടാണ്. ആത്മീയ അടിത്തറ ബലപ്പെടുത്തിയിട്ടുവേണം മറ്റു ഉപാധികൾ സ്വീകരിക്കേണ്ടത്.

**3) വിവാഹം വേർപിരിക്കാനാവില്ല**

കൂദാശയിൽകൂടി ദൈവം യോജിപ്പിക്കുന്ന വിവാഹങ്ങൾ വേർപിരിക്കാനാവില്ലെന്ന് അപ്പസ്തോലിക സഭകൾ വ്യക്തമായി പഠിപ്പിക്കുന്നു. കർത്താവും തന്റെ മനുഷ്യാവതാര കാലത്ത് കുടുംബബന്ധങ്ങളെപ്പറ്റി വ്യക്തമായി പഠിപ്പിച്ചതാണ് ഈ കാര്യം. വിവാഹകൂദാശയിലെ സുവിശേഷഭാഗം ഇതു തന്നെയാണല്ലോ വ്യക്തമാക്കുന്നത് (വി. മത്താ. 19:3-12). വി. മത്തായിയുടെ സുവിശേഷത്തിൽ വ്യഭിചാരക്കുറ്റം കൊണ്ട് ഭാര്യയെ ഉപേക്ഷിക്കാൻ കർത്താവ് അനുവാദം നൽകിയതായി നാം വായിക്കുന്നു. എന്നാൽ അതിന് ഒരു അപാകതയുണ്ട്. പുരുഷൻ പരസ്ത്രീഗമനത്തിലാണെങ്കിൽ അയാളെ ഉപേക്ഷിക്കാൻ ഭാര്യയ്ക്കും അവകാശം നൽകേണ്ടതല്ലേ? എന്നാൽ ആ കാര്യത്തെപ്പറ്റി സുവിശേഷത്തിൽ ഒന്നും പറയുന്നില്ല. പുരുഷമേധാവിത്വമുള്ള യഹൂദ സമുദായത്തിൽ തക്കതായ കാരണങ്ങൾ ഒന്നുമില്ലാതെ സ്ത്രീയെ ഉപേക്ഷിക്കുന്ന പതിവ് തിന്മയാണെന്ന് കർത്താവ് ചൂണ്ടിക്കാണിക്കുകയാണ്. എന്നാൽ വി. മർക്കോസിന്റെ സുവിശേഷത്തിൽ (10:1-10) ഇങ്ങനെ ഒരു ഇളവ് നൽകുന്നതായി കാണുന്നില്ല. വി. മത്തായി യഹൂദന്മാർക്കുവേണ്ടി സുവിശേഷം എഴുതിയപ്പോൾ ഇത്തരമൊരു ഇളവ് നൽകിയതാണെന്നും അത് ഒരു പിൽക്കാല കൂട്ടിച്ചേർപ്പാണ് എന്നും അഭി. ഒസ്താത്തിയോസ് തിരുമേനിയെപ്പോലെ ചിന്തിക്കുന്ന പണ്ഡിതന്മാർ പലരുമുണ്ട്. ഏതായാലും

വിവാഹ മോചനം അനുവദനീയമല്ല എന്നു തന്നെയായിരിക്കണം ക്രിസ്തീയ നിലപാട്. ഏതു കാര്യത്തിനും ചില ഒഴിവുകൾ ഉണ്ടാകുമെന്നതുപോലെ അപൂർവ്വമായ ചില സന്ദർഭങ്ങളിൽ വിവാഹമോചനം അനുവദിക്കേണ്ടി വരുമായിരിക്കാം. കാലത്തിന്റേയും ദേശത്തിന്റേയും ആളത്തത്തിന്റേയും മാറ്റങ്ങളെ പരിഗണിച്ച് ചുരുക്കം ചില സന്ദർഭങ്ങളിൽ വിവാഹമോചനം ആവശ്യമായി വന്നേക്കാം. എന്നാൽ വിവാഹം നിലനിർത്തുവാൻ സഭ ആവശ്യമായ പ്രബോധനങ്ങളും ബോധവത്കരണവും നടത്തിയതിനുശേഷം തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ആ വഴിക്കു സഭയ്ക്കു നീങ്ങാനാവുകയുള്ളൂ. സിവിൽ കോടതികൾ വിവാഹ മോചനം നൽകുന്ന എല്ലാ ദമ്പതികൾക്കും ഒരു വിവേചനവും കൂടാതെ അംഗീകാരം നൽകുന്ന നടപടികൾ തന്നെ പുനഃപരിശോധിക്കേണ്ടതാണ്. സഭയിൽ കൂദാശ നടത്തി ദൈവത്താൽ യോജിപ്പിക്കപ്പെട്ട ദമ്പതികളെ അകലുമ്പോൾ അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കാൻ എല്ലാ ഉപാധികളും സഭ സ്വീകരിക്കേണ്ടതാണ്. ഒരു കുടുംബജീവിതം നയിക്കാൻ ഏതെങ്കിലും കാരണത്താൽ ശാരീരിക, മാനസിക പ്രാപ്തിയില്ലാത്ത ചുരുക്കം ചില ദമ്പതികളുടെ കാര്യത്തിൽ മോചനം ആവശ്യമായി വന്നേക്കാം. അല്ലാതെയുള്ള കൊച്ചുകൊച്ചു പൊരുത്തക്കേടുകളുടേയും പിടിക്കരുതായ്മകളുടേയും പേരിലൊന്നും വിവാഹമോചനം അനുവദിക്കുന്നത് അഭിലക്ഷണീയമല്ല.

**4) ഭാര്യാഭർത്തൃബന്ധം സഭയും കർത്താവും തമ്മിൽ ഉള്ള ബന്ധം പോലെ**

വിവാഹത്തിന്റെ പരിപാവനതയെ വിശദീകരിക്കാൻ ഇതിലധികം ഒരു പ്രതീകം ചൂണ്ടിക്കാട്ടാനില്ല. യഹോവയും യിസ്രായേലും തമ്മിലുള്ള ബന്ധം പോലെയാണ് ഭാര്യാഭർത്തൃബന്ധത്തെ ആദ്യം മുതലേ ചിത്രീകരിച്ചിട്ടുള്ളത്. യഹോവയും യിസ്രായേലും തമ്മിലുള്ള ബന്ധം ഒരു ഉടമ്പടിയായിരുന്നു. (covenant) പഴയ നിയമകാലത്ത് വ്യക്തികൾ തമ്മിൽ ഉടമ്പടി ഉണ്ടാക്കുമ്പോൾ, വിരൽ മുറിച്ച് ആ രക്തത്തോടുകൂടി ഉടമ്പടി പ്രതി ജ്ഞ ചെയ്യുമായിരുന്നു. ഇത്തരം ഉടമ്പടിയിൽ നിന്ന് പിന്മാറാൻ ആർക്കും അവകാശം ഉണ്ടായിരുന്നില്ല. യിസ്രായേൽ ജനം തിന്മ ചെയ്ത് യഹോവയെ കോപിപ്പിച്ചപ്പോഴും ദൈവം അവരെ കൈവിട്ടില്ല. എന്നാൽ പുതിയ നിയമസഭയിൽ ഈ ഉടമ്പടിയുടെ അർത്ഥം ക്രിസ്തുവും സഭയും തമ്മിലുള്ള തലത്തിലേക്കു മാറി, എഫേസ്യാ ലേഖനം അഞ്ചാം അദ്ധ്യായത്തിൽ (22-32) പൗലോസ് ശ്ലീഹാ ഈ ഉടമ്പടിയെപ്പറ്റി രേഖപ്പെടുത്തുകയും കർത്താവും സഭയും തമ്മിലുള്ള ബന്ധം പോലെ ഭാര്യാഭർത്തൃബന്ധം ആഴത്തിലുള്ളതാണെന്ന് പഠിപ്പിക്കുകയും ചെയ്തു. കൂദാശയ്ക്ക് mystery അഥവാ രഹസ്യം എന്ന വാക്ക് ആണ് പൗരസ്ത്യ സഭയിൽ ഉപയോഗിച്ചിരിക്കുന്നത്. തത്തുല്യമായ 'മർമ്മം' എന്ന വാക്ക് ഭാര്യാഭർത്തൃബന്ധത്തെ പരാമർശിച്ച് പൗലോസ് ശ്ലീഹാ ഇവിടെ ഉപയോഗിച്ചിരിക്കുന്നു (വാ. 5:32). ഇവിടെ കർത്താവിന്റെ സ്ഥാനത്ത് ഭർത്താവിനെ പ്രതിഷ്ഠിക്കുമ്പോൾ ഭാര്യയുടെ സ്ഥാനം കുറഞ്ഞുപോകുമോ എന്ന സന്ദേഹമുണ്ടാകാം. എന്നാൽ സഭ കർത്താവിന്റെ ശരീരമാകുന്നു (Body of Christ) ഇവിടെ വിഭജനം അസാധ്യമെന്നു മാത്രമല്ല, സ്വന്തശരീരത്തെ ആരും വിദ്വേഷിക്കുന്നില്ലല്ലോ എന്ന് പ്രത്യേകം പ്രസ്താവിക്കുന്നുമുണ്ട് (5:29).

**പുരുഷമേധാവിത്വമോ സ്ത്രീ മേധാവിത്വമോ?**

സെക്കുലർ ലോകത്ത് ഇത് വലിയ പ്രശ്നം തന്നെയാണല്ലോ. പുരുഷമേധാവിത്വം ഇന്നും സജീവമായ സാമൂഹിക സാഹചര്യങ്ങളാണുള്ളത്. അതിനോട് എങ്ങനെയാണ് പ്രതികരിക്കേണ്ടത്? സ്ത്രീയും പുരുഷനും സമക്കാരെന്ന നിലയിൽ ബന്ധങ്ങൾക്ക് മാറ്റം വരണമെന്ന് സ്ത്രീ ശഠിച്ചു തുടങ്ങിയിട്ടുണ്ട്. തത്വത്തിൽ സമത്വം സ്വീകരിക്കപ്പെടാവുന്നതാണെങ്കിലും പ്രയോഗത്തിൽ വളരെ ദുഷ്കരമാണ്. ഭാര്യയ്ക്ക് അമ്മയാകാം, ഭർത്താവിന് അച്ഛനാകാം. ഈ വ്യത്യസ്ത ധർമ്മങ്ങളിൽ സമത്വം വരുത്തുവാൻ എങ്ങനെ സാധിക്കും? വിദ്യാഭ്യാസം ഒരേ തൊഴിലിന് ഒരേ വേതനം തുടങ്ങി സെക്കുലർ ലോകത്തിൽ സ്ത്രീയെയും പുരുഷനെയും വിവേചിക്കാത്ത ഒരു സമത്വചിന്തയ്ക്ക് സാംഗത്യമുണ്ടെങ്കിലും കുടുംബത്തിനുള്ളിൽ പരസ്പര പൂരകമായ ബന്ധമാണ് ഭാര്യാഭർത്താക്കന്മാർ വളർത്തിയെടുക്കേണ്ടത്. ആത്മീയമായ അടിസ്ഥാനമായിരിക്കും ക്രിസ്തീയ കുടുംബങ്ങൾക്ക് സ്വീകരിക്കാൻ എളുപ്പമായിട്ടുള്ളത്. "സ്നേഹത്തിൽ പരസ്പരം കീഴടക്കുവിൻ" (എഫേ. 5:22) എന്ന ആശയമായിരിക്കും ക്രിസ്തീയ ഭവനങ്ങൾക്കു ചേർന്നത്. ഇവിടെ ആരും ആരേയും ഭരിക്കുന്നില്ല, കീഴടക്കുന്നില്ല. എന്നാൽ രണ്ടുപേരും പരസ്പരം സ്നേഹത്തിലും താഴ്മയിലും കീഴടങ്ങുന്നു. കർത്താവ് സഭയെ സ്നേഹിച്ചപ്പോൾ സഭയ്ക്കുവേണ്ടി സ്വപ്രാണനെ വെടിയുകയായിരുന്നു. ഭർത്താക്കന്മാർ സ്വപ്രാണനെ വെടിഞ്ഞ്, സ്വന്തം ശരീരങ്ങളെ എന്നപോലെ ഭാര്യമാരെ സ്നേഹിക്കുമ്പോൾ തിരിച്ചും അതുപോലെ ത്യാഗമനസ്ഥിതിയോടെ ഭർത്താവിനെ കരുതുവാൻ ഭാര്യയും ശ്രദ്ധിക്കുന്നു. ഈ വിധത്തിൽ ആത്മീയ അടിത്തറയിൽ പരസ്പര സ്നേഹം കെട്ടിപ്പടുക്കാതെ നിയമത്തിന്റെ പിൻബലത്തോടെ ഭാര്യാഭർത്തൃബന്ധം ശക്തിപ്പെടുത്താം എന്ന് ചിന്തിക്കുന്നത് മൗഢ്യമാണ്. ക്രിസ്തീയ കുടുംബത്തിൽ ആരുടെ മേധാവിത്വത്തിനും സ്ഥാനമില്ല. പരസ്പര സ്നേഹത്തിനും ത്യാഗത്തിനും ശുശ്രൂഷയ്ക്കുമാണ് അവിടെ പ്രാധാന്യം. *(തുടരും)*

ലേഖനം

# പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനി

ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്.

പരി. വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ച് ഒരു ലേഖനം എഴുതുവാൻ അവസരം കിട്ടിയത് ഒരു വലിയ അംഗീകാരമാണ്. ശാലോം ടെലിവിഷനിൽ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ച് ഒരു പ്രഭാഷണം നടത്തിയ എനിക്ക് രണ്ട് മണിക്കൂറിനുള്ളിൽ ഏകദേശം നൂറോളം ഫോൺകോളുകളാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു വന്നത്. ആ വലിയ തിരുമേനിയെ എത്ര വലിയ മനസ്സോടെയാണ് അളുകൾ വീക്ഷിക്കുന്നത് എന്ന് ആ ഫോൺകോളുകൾ എന്നെ ഓർമ്മിപ്പിക്കുന്നു.

പരി. വട്ടശ്ശേരിൽ തിരുമേനി ഓർത്തഡോക്സ് സഭയുടെ മൂന്നാമത്തെ പ്രഖ്യാപിത പരിശുദ്ധനാണ്. 1947-ൽ കൂടിയ സൂന്നഹദോസിൽ കോതമംഗലത്തെ യൽദോ മഫ്രിയാനെയും പരിശുദ്ധ പരുമല തിരുമേനിയേയും പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. തിരുമേനി ജനിച്ചത് മലങ്കര സഭയ്ക്ക് വളരെ പ്രാധാന്യമുള്ള പകലോമറ്റം തറവാട്ടിലാണ്. മാർത്തോമ്മാ ശ്ലീഹായുടെ വരവോടൊപ്പം ക്രൈസ്തവർക്ക് വളരെ പ്രാധാന്യമുള്ള തറവാടാണ് പകലോമറ്റം തറവാട്. 1818-ൽ പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് തിരുമേനി സ്ഥാനം ഏൽക്കുന്നതു വരെ തുടർച്ചയായി മലങ്കര സഭയ്ക്ക് മെത്രാന്മാരെ സംഭാവന ചെയ്തുകൊണ്ടിരുന്ന തറവാടാണ് പകലോമറ്റം തറവാട്. ഈ പകലോമറ്റം തറവാടിന്റെ പ്രധാന ശാഖയായ വട്ടശ്ശേരിൽ പൗവത്തിൻ കുന്നേൽ കുടുംബത്തിലാണ് തിരുമേനി ജനിച്ചത്. മാർത്തോമാശ്ലീഹായാൽ പൗരോഹിത്യം കിട്ടിയ തറവാട്ടിൽ തന്നെ തിരുമേനിയും ജനിച്ചു എന്നുള്ളത് ശ്രദ്ധേയമാണ്.

ദയറാ പട്ടക്കാരനായിരുന്നപ്പോൾ വെട്ടിക്കൽ ദയറായുൾപ്പെടെ രണ്ട് ദയറാകളിൽ പോയി സുറിയാനിയിൽ അവഗാഹ പാണ്ഡിത്യം നേടി. പിന്നീട് എം.ഡി. സെമിനാരിയിൽ ചേർന്നുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം തിരുമേനിയ്ക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം നേടിക്കൊടുത്തു. പ്രാദേശികമായ മലയാള ഭാഷയിലും സുറിയാനിയിലും ഇംഗ്ലീഷിലുമുള്ള അവഗാഹം ശിഷ്ടജീവിതത്തിൽ സ്വാധീനിച്ച വലിയ സംഗതിയാണ്. തിരുമേനിയുടെ മലയാള ഭാഷയിലുള്ള പ്രാവീണ്യം കോടതിയിൽ കേസുകൾ നടത്തുമ്പോഴും പ്രമാണങ്ങൾ രചിക്കുമ്പോഴും പ്രമാണങ്ങൾ ചോദ്യം ചെയ്യുമ്പോഴും മനസ്സിലാക്കാൻ സാധിക്കും. തിരുമേനിയുടെ സുറിയാനി ഭാഷയിലുള്ള പ്രാവീണ്യം വി. വേദപുസ്തകം മനസ്സിലാക്കുന്നതിനും വി.കുർബാന മനസ്സിലാക്കുന്നതിനും വിശ്വാസം പഠിപ്പിക്കുന്നതിനും തിരുമേനിക്ക് സഹായകരമായി. തിരുമേനിയുടെ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം റെസിഡന്റ് സായിപ്പിനോടും അന്നത്തെ ചീഫ് ജസ്റ്റിസിനോടും കേസ് വാദിച്ചു സംസാരിക്കുവാനുള്ള കഴിവ് തിരുമേനിക്ക് നേടിക്കൊടുത്തു. ഈ ഭാഷകളിലുള്ള പ്രാവീണ്യം തിരുമേനിയുടെ ജീവിതത്തിലെ ശക്തി സ്രോതസ്സായിരുന്നു. ഗുരുനാഥന്മാരുടെ സംഭാവന തിരുമേനിയുടെ ജീവിതത്തെ രൂപപ്പെടുത്തിയെടുക്കാൻ തക്കവിധത്തിൽ സ്വാധീനിച്ചിട്ടുണ്ട്. തിരുമേനിയുടെ ഗുരുവായ പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവിതം തിരുമേനിയിൽ വലിയ സ്വാധീനം സൃഷ്ടിച്ചിട്ടുണ്ട്.

വി കുർബ്ബാന പകുതി സുറിയാനിയിലും പകുതി മലയാളത്തിലുമായിട്ടാണ് നടന്നിരുന്നത്. സഭയെ പൂർണമായും ഭാരതവൽക്കരിക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. തിരുമേനി വി. കുർബാനയെ സാധാരണക്കാർക്ക് മനസ്സിലാകത്തക്കവിധത്തിൽ പൂർണമായും മലയാള ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്യുകയും മൂന്ന് ഗാനങ്ങൾ എഴുതിച്ചേർക്കുകയും ചെയ്തു. കുക്കിലിയോനിലെ എല്ലാ ഗാനങ്ങളും ഭൂവിലാശേഷം.... പൗലോസ് ശ്ലീഹാ ധന്യൻ എന്നീ ഗാനങ്ങളും എഴുതിച്ചേർത്തതാണ്. കൂടാതെ വിവാഹ ശുശ്രൂഷയിലെ അർത്ഥവത്തായ ഗാനങ്ങളും തിരുമേനിയുടെ സംഭാവനയാണ്. തിരുമേനിയുടെ അനുകരണീയമായ പ്രവർത്തനങ്ങളെക്കുറിച്ച് മഹാത്മാഗാന്ധിയുടെ സുഹൃത്തായ സി.എഫ്. ആൻഡ്രൂസ് രേഖപ്പെടുത്തിയിട്ടുണ്ട്. സി.എഫ്. ആൻഡ്രൂസ് തിരുമേനിയുടെ കൂടെ ഏഴു ദിവസം താമസിച്ച് തിരുമേനിയുടെ ജീവിതത്തെ വീക്ഷിച്ചു. മഹാത്മാഗാന്ധിയുടെ സമാനരീതിയിൽ തന്നെ തിരുമേനിയെക്കുറിച്ചും രേഖപ്പെടുത്തി. തിരുമേനിയുടെ ജീവിതശൈലികൊണ്ടും സിംപ്ലിസിറ്റികൊണ്ടും ഇത്ര മഹാനായ വ്യക്തി, ആശ്രമസ്ഥനായ ഒരു വൈദികൻ ഭാരതത്തിൽ ജീവിച്ചിരുന്നു എന്നത് അദ്ഭുതകരമാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

തിരുമേനിയുടെ ഡയറിയെഴുത്തിനെക്കുറിച്ച് പറയുമ്പോൾ, തിരുമേനി വളരെ ശ്രദ്ധാപൂർവ്വം മൂന്നു ഭാഗങ്ങളിലായിട്ടാണ് ഡയറി എഴുതിയിരുന്നത്. നാളെ എന്തെല്ലാമാണ് ചെയ്യേണ്ടതെന്നും, പ്രസംഗം

ഉണ്ടെങ്കിൽ അത് ഏത് സദസ്സിനോടാണെന്നും, വേദപുസ്തകത്തിൽ നിന്ന് ഏത് ഭാഗമാണ് ഉദ്ദേശിക്കേണ്ടതെന്നും, കേസിന്റെ കാര്യങ്ങളെക്കുറിച്ചും വളരെ സിസ്റ്റമാറ്റിക്കായിട്ട് എഴുതിയിരുന്നു. തിരുമേനി ചെയ്ത മറ്റൊരു ധീരമായ പ്രവൃത്തിയാണ് 1923-ൽ പാത്രിയർക്കീസുമായി യോജിക്കാൻ പോയ വലിയ യാത്ര. വിശ്വാസം അൽപം തകർന്നിരിക്കുന്ന കാലഘട്ടത്തിൽ പിന്നീട് മെത്രാപ്പോലീത്താമാരായ മൂന്നു പേരോടൊപ്പം തിരുമേനി ബാവായുമായി സന്ധി സംഭാഷണത്തിലേർപ്പെട്ടു. പതിമൂന്ന് ഡ്രാഫ്റ്റുകൾ ഉണ്ടായി. അവസാനം മുടക്ക് പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് യൂലിയോസ് ബാവായുടെ കയ്യിൽ കൊടുത്തയച്ചു. പക്ഷേ, യൂലിയോസ് ബാവാ അത് മലങ്കരയിൽ വായിച്ചില്ല. അതിനാൽ യോജിപ്പുണ്ടായില്ല. സഭയുടെ ചരിത്രത്തിലെ വലിയൊരു ബ്ലണ്ടർ ആയി ഇതിനെ കാണുന്നു എന്ന് പത്തു വർഷങ്ങൾക്കു ശേഷം മലങ്കരയിലെത്തിയ പാത്രിയർക്കീസ് ബാവാ ഇതിനെക്കുറിച്ച് പറയുന്നു. 23 ദിവസം തിരുമേനി ബാവായോടൊപ്പം താമസിച്ചിരുന്ന സമയത്ത് ബാവാ മലങ്കരയിലേക്ക് രണ്ട് മെത്രാന്മാരെ വാഴിക്കാൻ വട്ടശ്ശേരിൽ തിരുമേനിയുടെ സഹകാർമ്മികത്വം ക്ഷണിച്ചു. വിശ്വാസക്കുറവുള്ള സമയത്തും യോജിപ്പിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു എന്ന് മനസ്സിലാക്കാം.

1912-ൽ വാഴിച്ച കാതോലിക്കാ 1913-ൽ കാലം ചെയ്തശേഷം നീണ്ട 12 കൊല്ലത്തേയ്ക്ക് കാതോലിക്കാമാരെ വാഴിച്ചില്ല. 1923-ലെ അനുരഞ്ജന ചർച്ച പരാജയപ്പെട്ടതിനു ശേഷം 1925-ൽ രണ്ടാം കാതോലിക്കായെ വാഴിച്ചു. എന്നാൽ മറ്റൊരു കാതോലിക്കായെ ഈ കാലഘട്ടത്തിൽ വാഴിച്ചിരുന്നെങ്കിൽ അനുരഞ്ജന ചർച്ചകൾക്ക് തടസ്സങ്ങൾ ഉണ്ടാകുമായിരുന്നു.

തിരുമേനിയുടെ ജീവിതത്തിൽ അദ്ഭുതമെന്ന് പറയത്തക്ക രണ്ടു കാര്യങ്ങളുണ്ട്. തിരുമേനിയെ കൊല്ലുവാൻ അയച്ച കൊലയാളിക്കുണ്ടായ മാറ്റം. ഏണിവച്ച് കയറുവാൻ നോക്കി നടന്നില്ല. അവസാനം രണ്ടാം നിലയിലെത്തി നോക്കിയപ്പോൾ തിരുമേനി കരഞ്ഞുകൊണ്ടു പ്രാർത്ഥിക്കുകയായിരുന്നു. കണ്ണിൽ ഇരുട്ടു കൂടുന്നതുപോലെ കൊലയാളിക്കുതോന്നി. ഈ മഹാനായ മനുഷ്യനെയാണോ താൻ കൊല്ലാൻ പോകുന്നത് എന്ന് ഓർത്ത് കൊലയാളി ശ്രമം ഉപേക്ഷിച്ചു തിരിച്ചു പോയി. കൊലയാളിക്ക് മാനസാന്തരം വരുത്തുവാനുള്ള കർമ്മശേഷി തിരുമേനിക്കുണ്ടായിരുന്നു. ഒരിക്കൽ തന്നെ ശാരീരികമായി കീഴ്പ്പെടുത്താൻ നോക്കിയ ഒരു വൈദികനും, അൽമായനും അവരു വന്ന വില്ലുവണ്ടി മറിഞ്ഞ് അപകടം ഉണ്ടായി. അവരെന്തിനാണ് വന്നതെന്നറിഞ്ഞിട്ടും അവർക്ക് ചികിത്സയ്ക്കു വേണ്ടതായ പണം മുഴുവൻ നൽകി അവരെ ചികിത്സിച്ചു. എല്ലാവർക്കും ശത്രുക്കളുണ്ട്. എന്നാൽ അവരോട് എങ്ങനെ പെരുമാറുന്നു എന്നാണ് വിലയിരുത്തേണ്ടത്. മലങ്കര സഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ എതിർപ്പുകൾ നേരിടേണ്ടിവന്ന ഒരാളാണ് തിരുമേനി. ഒരിക്കൽ ഒരു പുരോഹിതൻ തിരുമേനിയോട് അഭിപ്രായം ചോദിക്കാൻ വന്നു. ആര് ആരെ ഫോളോ ചെയ്യണമെന്ന കാര്യത്തെക്കുറിച്ചായിരുന്നു സംശയം. തിരുമേനി കൊടുത്ത മറുപടിയിൽ നിന്നു തിരുമേനിയുടെ വായനാശീലം മനസ്സിലാക്കാം. ശത്രുപക്ഷത്തുള്ളയാളിനോട് അങ്ങോട്ടു ചെന്ന് പ്രശ്നം ചർച്ച ചെയ്താലോ എന്ന് അച്ചൻ ചോദിച്ചപ്പോൾ തിരുമേനി പറഞ്ഞത് “If you want others to follow you, don’t follow others.” ഇത് നൂറ്റാണ്ടുകൾക്ക് മുമ്പ് അയർലണ്ടിൽ ജീവിച്ചിരുന്ന പ്രശസ്തനായ ഒരു ലീഡറിന്റെ ജീവചരിത്രത്തിൽ നിന്നുള്ളതാണ്. 1925-ൽ കേരളത്തിലെ ഒരു മെത്രാപ്പോലീത്ത ഐറിഷ് സാഹിത്യത്തിലെ വളരെ വർഷങ്ങൾക്കു മുമ്പുള്ള താളുകൾ മറിച്ചു നോക്കിയിരുന്നതായി ഇതിൽ നിന്ന് ഊഹിക്കാൻ കഴിയുന്നു. വിശാലമായ ജീവിതത്തിൽ അദ്ഭുതത്തോടെ കുറേയേറെ കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം. തിരുമേനിയുടെ ജീവിതത്തിൽ നിന്ന് മാതൃകകൾ ഉൾക്കൊള്ളുകയും വേണം.

സി.എഫ്. ആൻഡ്രൂസ് വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ച് പറഞ്ഞ മറ്റൊരു കാര്യമാണ് വട്ടശ്ശേരിൽ തിരുമേനി രാവിലെ 4 മണിയ്ക്ക് ഉണർന്നിരുന്നു എന്നത്. അതായത് ബ്രാഹ്മമുഹൂർത്തത്തിൽ പ്രാചീന ഭാരതത്തിൽ സന്യാസിമാർ ഉണർന്നിരുന്നത് ഈ സമയത്താണ്. തിരുമേനി എഴുന്നേൽക്കുമ്പോൾ പ്രഭാതനമസ്ക്കാരത്തിന് മുമ്പ് അൽപസമയം പ്രാർത്ഥിച്ചിരുന്നു. രാവിലെ ആഹാരത്തിനു മുമ്പും ശേഷവും പ്രാർത്ഥിച്ചിരുന്നു. ഉച്ചയ്ക്ക് ആഹാരത്തിനു ശേഷം ക്രിസ്തുവിന്റെ മുമ്പിൽ പ്രാർത്ഥിച്ചതിനുശേഷം മാത്രമേ തിരുമേനി വിശ്രമിച്ചിരുന്നുള്ളൂ. വൈകുന്നേരം സൂര്യൻ അസ്തമിച്ചതിനുശേഷം മാത്രമേ തിരുമേനി ആഹാരം കഴിച്ചിരുന്നുള്ളൂ. സി.എഫ്. ആൻഡ്രൂസ് പറഞ്ഞു. ഈ നാല് പ്രാർത്ഥനകൾ ചെയ്യുന്നതും താൻ കണ്ടിട്ടുണ്ട്. എന്നാൽ കാണാതെ എത്ര പ്രാർത്ഥനകൾ തിരുമേനി നടത്തുന്നുണ്ടായിരുന്നു എന്ന് അറിയാൻ വയ്യ. എന്നാൽ സെക്രട്ടറി അച്ചൻ പറയുന്നു ഏഴു യാമങ്ങളിലും തിരുമേനി പ്രാർത്ഥിച്ചു എന്ന്. പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതത്തിൽ നാം കാണുന്ന അത്ഭുതകരമായ ഒരു ഒബ്സർവേഷൻ ആണ് സുറിയാനി പിതാക്കൻമാർ പറഞ്ഞിട്ടുള്ള ഏഴു യാമങ്ങളിലെ പ്രാർത്ഥന. ഇത് തന്റെ ഗുരുവിൽ നിന്ന് ലഭിച്ചിട്ടുള്ള ഗുണമായിരിക്കാം. തിരുമേനിയേക്കുറിച്ച് പറയുമ്പോൾ നാം ചിന്തിക്കേണ്ടത് ഒരു കാര്യമാണ്. ഈ മഹാൻ കൊണ്ടു നടന്ന ആദർശങ്ങ

ളിൽ നമുക്ക് അനുകരണീയമായ ആദർശങ്ങൾ എന്തെല്ലാമാണ് എന്നത്. വട്ടശ്ശേരിൽ തിരുമേനിയുടെ ജീവചരിത്രം എടുത്തു നോക്കുമ്പോൾ ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത് തിരുമേനിയുടെ സഭാസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള കാഴ്ചപ്പാടാണ്. ഒരു സഭയിലെ ജനങ്ങൾക്ക് അവരുടേതായ രീതിയിൽ വിശ്വസിക്കാനും വിശ്വാസം കെട്ടിപ്പെടുക്കുവാനുള്ള അവകാശം ഉണ്ട്. ഇത് സാർവ്വത്രിക സഭയായി വിഘടിച്ചു നിൽക്കുന്ന ഒരു തത്വമല്ല. 1928-ലാണ് ലോകത്തിലുള്ള സഭകളുടെ കൗൺസിൽ തുടങ്ങിയത്. 1928-ൽ തന്നെ മെമ്പർ ഷിപ്പ് എടുക്കാൻ തിരുമേനി ശ്രമിച്ചു എന്ന് മനസ്സിലാക്കാം. 1938-ൽ രണ്ടാം തവണ കൗൺസിൽ കൂടിയപ്പോൾ സഭയിൽ നിന്ന് ഒരു പ്രതിനിധി പോയി. 1948-ൽ ഇവിടെ നിന്ന് ഒരു ബിഷപ്പ് പോയിരുന്നു. 1928-ൽ ആദ്യ ലോകകൗൺസിൽ കൂടിയപ്പോൾ തന്നെ മെമ്പർഷിപ്പ് എടുക്കുകയും അതിനു വേണ്ടി ശ്രമിക്കുകയും ചെയ്തു എന്ന് പറയുമ്പോഴാണ് സാർവ്വത്രിക സഭയുടെ അകത്ത് നിന്നുകൊണ്ട് തന്നെ ഭാരതസഭയുടെ തനതായ സ്വാതന്ത്ര്യം കാത്തു രക്ഷിക്കാൻ അദ്ദേഹം ശ്രമിച്ചു എന്നത്. അത് ജനങ്ങളുടെ ഇടയിലേക്ക് സംക്രമിപ്പിക്കുവാനുള്ള അത്ഭുതകരമായ ശക്തി തിരുമേനിക്കുണ്ടായിരുന്നു. ഒരു ആശയത്തിൽ വിശ്വസിക്കുമ്പോൾ അതിൽ നിന്ന് വ്യതിചലിക്കുവാനുള്ള ടെണ്ടൻസി നിയന്ത്രിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്.. വിശ്വാസ ധാർഷ്ട്യം ഉറപ്പിക്കണമെങ്കിൽ അത് വിശ്വാസികൾ മാത്രം ശ്രമിച്ചാൽ നടക്കുന്ന കാര്യമല്ല. അതിനു വേണ്ടി സഭാനേതൃത്വം കൂടി ശ്രമിക്കണം. അതിനു വേണ്ടി വട്ടശ്ശേരിൽ തിരുമേനി ശ്രമിച്ചിരുന്നു. ആകമാന വിശ്വാസ കേന്ദ്രത്തെപ്പറ്റിയുള്ള ഒരു സൺഡേ സ്കൂൾ പ്രക്രിയയാണ് പരുമല തിരുമേനി രൂപവത്ക്കരിച്ചത്. എന്നാൽ വട്ടശ്ശേരിൽ തിരുമേനി അതിനെ കറക്ട് ചെയ്യുകയോ പുനരാവിഷ്കരിക്കുകയോ ചെയ്യാതെ അതിന് ഓർത്തഡോക്സ് വിശ്വാസം എന്താണ് എന്ന് കൃത്യമായി പറയുന്ന വിശ്വാസ പ്രമാണം സിലബസ് ആയി രൂപവത്ക്കരിക്കുകയും അത് സൺഡേ സ്കൂളിന് കൊടുക്കുകയും ചെയ്തു. വളരെ ശക്തമായ രീതിയിൽ വിശ്വാസം ഉറപ്പിക്കാനും സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു എന്നത് മനസ്സിലാക്കാവുന്ന ഒരു കാര്യമാണ്. എന്നാൽ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് അദ്ദേഹത്തിനെതിരെ അക്രമവാസന നടത്തിയവരെ എതിർക്കുവാൻ തിരുമേനി ശ്രമിച്ചില്ല. തിരുമേനിയുടെ ആദർശങ്ങളിൽ അദ്ദേഹം ദീർഘവീക്ഷണത്തോടെ രചിച്ച ഭരണഘടനയാണ് ഏറ്റവും പ്രധാനപ്പെട്ടത്. വായിക്കുന്തോറും അത്ഭുതം ഉണർത്തുന്നതാണ് ഈ ഭരണഘടന. 1937-ൽ ഇലക്ഷൻ വരുന്നതിനു മുമ്പ് 1947-ൽ ഭാരതം സ്വതന്ത്രമാകുന്നതിനു മുമ്പ് വട്ടശ്ശേരിൽ തിരുമേനി ജനാധിപത്യത്തെക്കുറിച്ച് ചിന്തിച്ചിരുന്നു. ഈ ഭരണഘടന ഒരു അത്ഭുതകരമായ സംഗതിയാണ്. അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഇത് കൗൺസിൽ കൂടി അംഗീകരിക്കാൻ കഴിഞ്ഞില്ല. 1995-ൽ സുപ്രീം കോടതി പറയുന്ന ഈ ഭരണഘടന അഭിനന്ദനീയമാണ്. സ്വാതന്ത്ര്യത്തിനു മുമ്പ് സഭയുടേതായ ഒരു ഭരണഘടനയുണ്ടാക്കി അതിനെ കാനോനികമായ സ്ട്രക്ച്ചറിൽ ഉറപ്പിച്ച് എപ്പിസ്കോപ്പൽ സ്ട്രക്ച്ചറുമായി മെർജു ചെയ്തു എന്നുള്ളതാണ്. ഇന്ത്യൻ സുപ്രീം കോടതിയുടെ 5 അംഗ ബഞ്ച് പറയുന്നു It is a wonderful thing എന്ന്. സുപ്രീം കോടതിയുടെ അംഗീകാരം ലഭിക്കുന്നതിന് 60 വർഷങ്ങൾക്കു മുമ്പു തന്നെ വട്ടശ്ശേരിൽ തിരുമേനി ഇത് ഡ്രാഫ്റ്റ് ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഈ ദീർഘ വീക്ഷണം അത്ഭുതാവഹം എന്നേ പറയുവാൻ പറ്റുകയുള്ളൂ. വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണഘടന വൻ നേട്ടമാണ്. വാക്കുകളിൽ വിവരിക്കാൻ കഴിയാത്ത അത്ഭുതകരമായ ഒരു സൃഷ്ടിയാണ്. തിരുമേനിയുടെ ജീവിതകാലത്ത് അത് അംഗീകരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം കാലം ചെയ്ത് 8 മാസങ്ങൾക്കു ശേഷമാണ് കൗൺസിൽ കൂടി അംഗീകരിച്ചത്. തിരുമേനിയുടെ ആദർശങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഭൂമിയിൽ നില നിൽക്കുന്ന നിയമത്തെ ബഹുമാനിച്ചുകൊണ്ടു വേണം സഭ മുന്നോട്ടു കൊണ്ടുപോകുവാൻ എന്നത്. തിരുമേനിയെ മുടക്കിക്കഴിഞ്ഞ് നീണ്ട 26 കൊല്ലം അദ്ദേഹം ജീവിച്ചിരുന്നു. 25 കൊല്ലം മെത്രാപ്പോലീത്തയായി സഭയെ നയിച്ചു. ഒരൊറ്റ തവണയെങ്കിലും തന്റെ അനുയായികളെക്കൊണ്ട് പോലീസിനെ ആക്രമിക്കാനോ ഒരു രക്തപ്പുഴ ഒഴുക്കാനോ തിരുമേനി ശ്രമിച്ചില്ല. തിരുമേനിയുടെ ജീവിത കാലത്ത് തിരുവിതാംകൂറിന്റെ റോയൽ കോർട്ടുണ്ടായിരുന്നു. തിരുമേനി അവിടെ കേസു പറഞ്ഞു. ഹൈക്കോടതിയിൽ കേസു പറഞ്ഞു. തിരുമേനിക്കെതിരെയും കേസ് വിധിയുണ്ടായി. പക്ഷേ തിരുമേനി സമചിത്തതയോടെ നേരിട്ടു. 1928-ൽ തിരുമേനിയ്ക്ക് അനുകൂലമായി വട്ടിപ്പണക്കേസ് വിധിച്ചു. പക്ഷേ രണ്ടിടത്തും തിരുമേനി സംയമനം പാലിച്ചുകൊണ്ട് മുന്നോട്ടു പോയി. നിയമത്തിന്റെ ചട്ടക്കുടിനുള്ളിൽ നിന്നുകൊണ്ടു തന്നെ വിശ്വാസം സംരക്ഷിക്കാൻ തിരുമേനിക്ക് കഴിഞ്ഞു എന്നത് തിരുമേനി കാത്തു സംരക്ഷിച്ച ഒരു വലിയ ആദർശത്തിന്റെ മികവാണ്.

തിരുമേനിയെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ ആ വിശുദ്ധന്റെ അന്ത്യം എങ്ങനെയായിരുന്നു എന്നുള്ളത് പ്രധാനമാണ്. 1934-ൽ കാലം ചെയ്യുമ്പോൾ തിരമേനിയ്ക്ക് 76 വയസ്സായിരുന്നു. ആ കാലഘട്ടത്തിൽ

വളരെ ക്രാന്തദർശനത്തോടെ ചെയ്ത കുറച്ചു കാര്യങ്ങളുണ്ട്. അതിലൊന്ന് തിരുമേനി തന്റെ പിൻഗാമിയെ കണ്ടെത്തിയിരുന്നു എന്നുള്ളതാണ്. സെമിനാരിയിൽ നിന്നുള്ള ഓരോ ബാച്ചിൽ നിന്നും പ്രഗത്ഭനായ വ്യക്തിയെ ഐഡന്റിഫൈ ചെയ്തിരുന്നു. പിന്നീട് മലങ്കര സഭയ്ക്ക് ലഭിച്ച മെത്രാന്മാരിൽ 14 പേർ തിരുമേനിയുടെ ശിഷ്യന്മാരായിരുന്നു. 1928-ൽ കേസ് ജയിച്ച ശേഷം ഏകദേശം 36 വർഷം സഭയെ നയിക്കുവാനായി കരുത്തനായ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായെ കത്തോലിക്കയായി വാഴിക്കുമ്പോൾ വളരെ ദീർഘമായ ഒരു വിഷൻ തിരുമേനിക്കുണ്ടായിരുന്നു. തിരുമേനിക്ക് വേണമെങ്കിൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാ സ്ഥാനവും യോജിപ്പിക്കാമായിരുന്നു. വേണമെങ്കിൽ ആ സമയത്ത് തിരുമേനിക്ക് കാതോലിക്ക ആകാമായിരുന്നു. എന്നാൽ രണ്ടു സ്ഥാനവും രണ്ടായി നിലനിർത്തിക്കൊണ്ട്, രണ്ടിന്റെയും പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് തിരുമേനി മുമ്പോട്ടു പോയി. 1934-ൽ ഭരണഘടന സുരക്ഷിതമായ കൈകളിൽ ഏൽപിച്ചിട്ടാണ് തിരുമേനി കാലം ചെയ്തത്. തിരുമേനിയ്ക്ക് നീതിമാന്റെ നല്ല മരണം ലഭിക്കുകയും അദ്ദേഹം നല്ല കബറടക്കത്തോടെ യാത്രയാവുകയും ചെയ്തു. തിരുമേനിയുടെ ജീവിതം വീക്ഷിക്കുമ്പോൾ ചില പേരുകൾ നമ്മൾ അദ്ദേഹത്തെ വിളിക്കാറുണ്ട്. മലങ്കര സഭാ ഭാസുരൻ. ഭാസുരൻ എന്നാൽ സൂര്യൻ എന്നാണ് അർത്ഥം. സൂര്യന് നന്നായി ശോഭിക്കുവാനുള്ള കഴിവുണ്ട്. പിന്നെ സൂര്യന് ചന്ദ്രനിൽ തട്ടി പ്രതിഫലിക്കുവാനുള്ള കഴിവുമുണ്ട്. സൂര്യനെപ്പോലെ വട്ടശ്ശേരിൽ തിരുമേനി പ്രകാശം പരത്തിക്കൊണ്ട് ആ നൂറ്റാണ്ടിൽ നമുക്ക് മുമ്പായി ജീവിച്ചു. ആ പ്രകാശം പ്രതിഫലിപ്പിക്കുന്ന ചന്ദ്രന് തുല്യമായ മെത്രാപ്പോലീത്തമാരെ സൃഷ്ടിക്കുകയും ചെയ്തു. മലങ്കര സിംഹമെന്നും തിരുമേനിയെ വിളിക്കാറുണ്ട്. സിംഹത്തിന്റേതായ ക്വാളിറ്റി തിരുമേനി പ്രകടിപ്പിച്ചിരുന്നു. മലങ്കര സഭയെ മുഴുവൻ ഒരുപോലെ നയിച്ചുകൊണ്ടു പോകുവാനും ഗർജ്ജനം മുഴക്കാനും തിരുമേനിയ്ക്ക് കഴിഞ്ഞിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിൽ കേരളത്തിലെ സമൂഹമനസ്സിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഒരു വ്യക്തിയാണ് വട്ടശ്ശേരിൽ തിരുമേനി. തിരുമേനിയുടെ പ്രഗൽഭനായ പിൻഗാമിയായ ഗീവർഗ്ഗീസ് ദ്വിതിയൻ കാതോലിക്കാ ബാവ. വട്ടശ്ശേരിൽ തിരുമേനിയുടെ കബറിടത്തിൽ എഴുതി വച്ചിട്ടുള്ള പ്രശസ്തമായ കാര്യമാണ് Time will not dim his glory. വട്ടശ്ശേരിൽ തിരുമേനി ഒരു കാലത്തിന്റേതായ പ്രത്യേകത കൊണ്ട് സഭയെ നയിക്കുവാൻ നിർബന്ധിതനായ ഒരു വ്യക്തിയാണ്. പക്ഷേ ആ കാലഘട്ടം കഴിഞ്ഞ് മെത്രാപ്പോലീത്ത ആയതിന്റെ നൂറാം വാർഷികം ആഘോഷിക്കുമ്പോഴും തിരുമേനിയുടെ പ്രാധാന്യത്തിന് ഭംഗം വരാതെ നിലനിൽക്കുന്നു. ഈ നൂറ്റാണ്ടു കഴിഞ്ഞ് എത്ര നൂറ്റാണ്ടുകൾ കഴിഞ്ഞാലും മലങ്കര സഭയെപ്പറ്റി പഠിക്കുന്നവരും മലങ്കര സഭയുടെ വിശ്വാസത്തെ അനുഗമിക്കാൻ ബാധ്യസ്ഥരായവരും തിരുമേനിയുടെ ഓർമ്മ അംഭംഗുരം നിലനിർത്തും. തിരുമേനിയുടെ വിശുദ്ധിയും ഓർമ്മയും എന്നും നിലനിൽക്കട്ടെ.


## SANTHULA TRUST HOSPITAL



**Vadakara, Koothattukulam**

**Ph: 0485-2250745, 9447575091**

***A Clinical and Research Centre of Neuro - Behavioural Science***

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

Date of Publication 15-7-2014, Price Rs. 10/-

DIOCESAN BULLETIN

## ദുഖ്റോനോ പെരുന്നാളും അനുസ്മരണവും അവാർഡ് ദാനവും

പെരിയാമ്പ്ര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വി. തോമാശ്ലീഹായുടെ ദുഖ്റോനോ പെരുന്നാളിനോടനുബന്ധിച്ച് ആ ഇടവകയിൽ 60 വർഷത്തിലേറെ വികാരിയായി ശുശ്രൂഷ നിർവഹിച്ച പുറ്റാനിൽ യോഹന്നാൻ മല്പാനച്ചന്റെ 26–ാം ചരമവാർഷികവും 2014 ജൂലൈ 3 ന് സമുചിതമായി ആഘോഷിച്ചു. കണ്ടനാട് (E) ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 8 മണിക്ക് വി. കുർബ്ബാന ആരംഭിച്ചു. ഇടവക വികാരി ഫാ. എബ്രഹാം കാരമ്മേൽ, ഫാ. ജോസഫ് പുറ്റാനിൽ, ഫാ. ജോൺസൺ പുറ്റാനിൽ, ഫാ. എഡ്വേർഡ് ജോർജ്ജ് പുറ്റാനിൽ എന്നിവർ സഹകാർമ്മികരായിരുന്നു. വിശുദ്ധ കുർബ്ബാനാനന്തരം മല്പാനച്ചന്റെ കബറിങ്കൽ പ്രത്യേക ധൂപപ്രാർത്ഥനയുണ്ടായിരുന്നു. തുടർന്ന് പാച്ചോർ നേർച്ചയും അതിനുശേഷം പള്ളിയകത്ത് അനുസ്മരണയോഗവും നടന്നു. യോഗത്തിൽ ഇടവക വികാരി ഫാ. എബ്രഹാം കാരാമ്മേൽ അദ്ധ്യക്ഷത വഹിച്ചു. അഭി. തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു.

അനുസ്മരണ സമ്മേളനത്തിൽ വച്ച് പെരിയാമ്പ്ര ഇടവകയിൽ നിന്ന് പൊതു പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അഭി. തിരുമേനി അനുമോദിക്കുകയും അവർക്ക് ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുകയുമുണ്ടായി. സണ്ടേസ്കൂൾ പത്താംക്ലാസ്സ് പരീക്ഷയിൽ ഒന്നാം സ്ഥാനം ജിബിൻ ജോൺ കൊട്ടച്ചൂടിയിൽ രണ്ടാം സ്ഥാനം മേധ എബ്രഹാം കാരാമ്മേൽ എന്നിവർ നേടി. എസ്.എസ്.എൽ.സി. (സ്റ്റേറ്റ് സിലബസ്) യിൽ നവ്യ ഫിലിപ്പ് വാക്കനാംപാടത്തിൽ, എൽദോസ് ജോർജ്ജ് പാണ്ടാംചേരിൽ എന്നിവർ ഒന്നാം സ്ഥാനവും ജെസ്മോൻ ജോൺ മുടക്കുള്ളിൽ രണ്ടാംസ്ഥാനവും കരസ്ഥമാക്കി. SSLC (CBSE) പരീക്ഷയിൽ ആദ്യത്തെ രണ്ടുസ്ഥാനങ്ങൾ നേടിയവർ അമൃത് ജോ പുറ്റാനിൽ, ശില്പ ജോൺ തണ്ടേൽപുത്തൻപുര എന്നിവരാണ്. 12–ാം ക്ലാസ്സ് പരീക്ഷയിൽ ബെറിൻ രാജു മണ്ണോലിക്കൽ ഒന്നാം സ്ഥാനം നേടി. കോളജ് വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പുകൾ ലഭിച്ചത് ആൽജു ജോണി പാണ്ടാംചേരിൽ, സിനി ജോസ് മേലേടത്ത് എന്നിവർക്കാണ്. വിജയികളെ പ്രതിനിധീകരിച്ച് കുമാരി ശില്പ ജോർജ്ജ് അഭിനന്ദനങ്ങൾക്ക് നന്ദി പറഞ്ഞു. സഭാമാനേജിംഗ് കമ്മറ്റിയംഗം ബോസ് എബ്രാഹാം തളിയംചിറ കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം 10.30 ന് സമാപിച്ചു.

## അംഗീകാരം ലഭിച്ചു

കേരളാ മെന്റൽ ഹെൽത്ത് അതോറിട്ടി സന്തുല ആശുപത്രിയ്ക്ക് മാനസികാരോഗ്യകേന്ദ്രം എന്ന നിലയിൽ അംഗീകാരം നൽകി. ചുരുക്കം മാനസിക ആരോഗ്യകേന്ദ്രങ്ങൾക്ക് മാത്രം ലഭിച്ചിട്ടുള്ള ഈ അംഗീകാരം ചുരുങ്ങിയ കാലയളവിനുള്ളിൽ സന്തുല ആശുപത്രിക്ക് നേടാനായി എന്നുള്ളത് അഭിമാനകരമാണ്.

## ഗവൺമെന്റ് ഫണ്ട് അനുവദിച്ചു

സന്തുല ആശുപത്രിയിലെ പ്രൊഫ. എൻ.പി. മന്മഥൻ ഡീ അഡീക്ഷൻ സെന്ററിന് കേരളാ ഗവൺമെന്റിന്റെ എക്സൈസ് വകുപ്പ് K.S.B.C. Social Responsibility Scheme പ്രകാരം ധനസഹായം അനുവദിച്ചു. ഇതുപയോഗിച്ച് ലഹരി വിമോചന ചികിത്സയ്ക്ക് വരുന്ന നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതാണ്.

## സുദർശനം 2014

2014 നവംബർ 24, 25, 26 തീയതികളിൽ നടക്കുന്ന ഓർത്തഡോക്സ് സൈക്കോ തെറാപ്പിസ്റ്റുകളുടെ വാർഷിക അന്തർദേശീയ സമ്മേളനത്തിന് സന്തുല ഹോസ്പിറ്റൽ ആതിഥ്യം വഹിക്കുന്നു. Building Bridges between spirituality and the Science of Mind എന്നതാണ് ഇത്തവണത്തെ ചിന്താവിഷയം. താല്പര്യമുള്ളവർ www.sudarsanam-2014.com സന്ദർശിക്കുക.




സന്തുല ഹോസ്പിറ്റൽദിനത്തിൽ മുഖ്യാതിഥി ഡോ. വർഗീസ് പുന്നൂസ് ആശുപത്രിദിന സന്ദേശം നൽകുന്നു.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha